# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പൂവച്ചൽ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.റ്റി.വി.എം.ജി.പി.5/132/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 18/03/2022
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പൂവച്ചൽ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പൂവച്ചൽ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പൂവച്ചൽ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.റ്റി.വി.എം.ജി.പി.5/132/2022 തീയ്യതി: 18/03/2022

## തിരുവനന്തപുരം ജില്ലയിലെ പൂവച്ചൽ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ പൂവച്ചൽ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 21-10-2019 മുതൽ 31-03-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 45 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 33 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ശ്രീജ കെ | ഡെപ്യൂട്ടി ഡയറക്ടർ | 20-11-2021 | 27-11-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 20-11-2021 | 27-11-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി സിന്ധു.പി.എസ്, ഓഡിറ്റ് ഓഫീസർ, (ഹ.ഗ്രേ)
ശ്രീമതി ജയലക്ഷ്മി.ബി.കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി സീന.കെ,സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. അൻവർ രാജ്.എം, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി കല.പി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ ജോസഫ് ബിജു.എം | സെക്രട്ടറി | 01-04-2019 | 14-07-2019 |
| ശ്രീ സലിൽ എ സോണി | സെക്രട്ടറി | 15-07-2019 | 31-03-2020 |
| ശ്രീ കെ. രാമചന്ദ്രൻ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |

<u>നിർവ്വഹണഉദ്യോഗസ്ഥർ</u>

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ ജോസഫ് ബിജു.എം | സെക്രട്ടറി | 01-04-2019 | 14-07-2019 |
| ശ്രീ സലിൽ എ സോണി | സെക്രട്ടറി | 15-07-2019 | 31-03-2020 |
| ശ്രീ ജോയ് എം ഡി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 22-07-2019 |
| ശ്രീമതി ആശ എം ജി | അസിസ്റ്റന്റ് സെക്രട്ടറി | 23-07-2019 | 13-12-2019 |
| ശ്രീ നാസർ എച്ച് | അസിസ്റ്റന്റ് സെക്രട്ടറി | 14-12-2019 | 31-03-2020 |
| ശ്രീമതി സംഗീത കൃഷ്ണൻ ഐ കെ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീമതി നിഷ എൽ എസ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 31-03-2020 |
| ഡോ ജൂലി ബി | വെറ്ററിനറി സർജൻ | 01-04-2019 | 31-03-2020 |
| ശ്രീമതി കലാവതി എം എസ് | ICDS സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ഡോ ഷീബ എസ് എൽ | മെഡിക്കൽ ഓഫീസർ, PHC | 01-04-2019 | 31-03-2020 |
| ഡോ ഇന്ദുലേഖ സി ജി | മെഡിക്കൽ ഓഫീസർ , ആയുർവേദം | 01-04-2019 | 31-03-2020 |
| ഡോ സിമി | മെഡിക്കൽ ഓഫീസർ , ഹോമിയോപ്പതി | 01-04-2019 | 31-03-2020 |
| ശ്രീമതി സീനത്ത് ബീവി | ഹെഡ്മിസ്ട്രസ്സ് | 01-04-2019 | 31-03-2020 |
| ശ്രീമതി ബീന എബ്രഹാം | കൃഷി ഓഫീസർ | 01-04-2019 | 05-11-2019 |
| ശ്രീമതി ദിവ്യ എം വി | കൃഷി ഓഫീസർ | 06-11-2019 | 31-03-2020 |
| ശ്രീ രാജീവ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2019 | 31-03-2020 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: KALA P. (Auditor, On 29-11-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 08-03-2022) | 1-1 |
| 2 | ബജറ്റിൽ വകയിരുത്താതെയും ബജറ്റിൽ വകയിരുത്തിയതിനേക്കാൾ അധികവും ചെലവ് ചെയ്തു.<br>Written By: KALA P. (Auditor, On 30-11-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 18-03-2022) | 1-1-2 |
| 3 | എല്ലാ നിർവഹണ ഉദ്യോഗസ്ഥരും ബജറ്റ് പ്രൊപ്പോസൽ സമർപ്പിച്ചിട്ടില്ല.<br>Written By: KALA P. (Auditor, On 30-11-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 18-03-2022) | 1-1-3 |
| 4 | വാർഷിക ധനകാര്യ പത്രിക<br>Written By: KALA P. (Auditor, On 01-12-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 17-03-2022) | 1-2 |
| 5 | ഗ്രാന്റ് വിനിയോഗം<br>Written By: Zeena K (Senior Grade Auditor, On 29-11-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 18-03-2022) | 1-3 |
| 6 | ആഭ്യന്തരനിയന്ത്രണം<br>Written By: Sindhu P.S (Audit Officer, On 13-12-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 17-03-2022) | 1-4 |
| 7 | ക്ഷേമപദ്ധതികൾ<br>Written By: Zeena K (Senior Grade Auditor, On 29-11-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 17-03-2022) | 1-5 |
| 8 | ക്യാഷ് പരിശോധന<br>Written By: Anwar Raj.M (Senior Grade Auditor, On 27-11-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 17-03-2022) | 1-6 |
| 9 | പദ്ധതി അവലോകനം<br>Written By: Sindhu P.S (Audit Officer, On 05-12-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 17-03-2022) | 1-7 |
| 10 | തൊഴിലുറപ്പ് പദ്ധതി<br>Written By: Jayalekshmi BK (Senior Grade Auditor, On 30-11-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 17-03-2022) | 1-8 |
| 11 | എം.എൻ.ആർ.ഇ.ജി.എസ്- മെറ്റീരിയൽ വർക്ക്- കരാറുകാരിൽ നിന്ന് നിയമാനുസൃത നികുതി ഈടാക്കേണ്ടതാണ്<br>Written By: Jayalekshmi BK (Senior Grade Auditor, On 30-11-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 17-03-2022) | 1-8-1 |
| 12 | മെറ്റീരിയൽ വർക്കുകളിൽ സാധനങ്ങളുടെ ജി.എസ്.ടി. ബിൽ സൂക്ഷിച്ചിട്ടില്ല<br>Written By: Jayalekshmi BK (Senior Grade Auditor, On 30-11-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 10-03-2022) | 1-8-2 |
| 13 | പ്രൊക്യൂർമെന്റ് കമ്മിറ്റി ചുമതലകൾ നിറവേറ്റുന്നില്ല<br>Written By: Sindhu P.S (Audit Officer, On 05-12-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 08-03-2022) | 1-9 |
| 14 | രസീത് മുഖാന്തിരം പിരിച്ച തുക പൂർണ്ണമായും അടവാക്കിയിട്ടില്ല.<br>Written By: KALA P. (Auditor, On 29-11-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 17-03-2022) | 1-10 |
| 15 | തൊഴിൽ നികുതി - കുറവായി ഈടാക്കി<br>Written By: Anwar Raj.M (Senior Grade Auditor, On 27-11-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 17-03-2022) | 1-11 |
| 16 | ഡേഡ്വേഴ്സ് ലിസ്റ്റ് - പൂർണ്ണമല്ല<br>Written By: Anwar Raj.M (Senior Grade Auditor, On 27-11-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 08-03-2022) | 1-12 |

| | | |
|---|---|---|
| 17 | സ്ഥാപനങ്ങളിൽ നിന്നും കുതിരശക്തി അടിസ്ഥാനമാക്കിയ മെഷീൻ ഫീസ് വാങ്ങിയിട്ടില്ല.<br>Written By: Anwar Raj.M (Senior Grade Auditor, On 27-11-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 17-03-2022) | 1-13 |
| 18 | കെട്ടിട നികുതി - കുടിശ്ശിക 719326/- രൂപ പിരിച്ചെടുക്കേണ്ടതാണ്.<br>Written By: Anwar Raj.M (Senior Grade Auditor, On 27-11-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 17-03-2022) | 1-14 |
| 19 | എ.സി.ഡി.എസ് സൂപ്പർവൈസർ നിർവഹണം നടത്തിയ പദ്ധതികൾ<br>Written By: Zeena K (Senior Grade Auditor, On 29-11-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 18-03-2022) | 1-15 |
| 20 | പൗരാവകാശ രേഖ പുതുക്കിയിട്ടില്ല<br>Written By: Zeena K (Senior Grade Auditor, On 29-11-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 10-03-2022) | 1-16 |
| 21 | ലൈഫ് ഭവന പദ്ധതി - യഥാസമയം പദ്ധതി പൂർത്തീകരിച്ചിട്ടില്ല.<br>Written By: Zeena K (Senior Grade Auditor, On 03-12-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 10-03-2022) | 1-17 |
| 22 | ആയുർവേദ മരുന്ന് - കാലഹരണ തീയതി കഴിഞ്ഞ് വിതരണം ചെയ്തു<br>Written By: Anwar Raj.M (Senior Grade Auditor, On 27-11-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 10-03-2022) | 1-18 |
| 23 | അനിമൽ ബർത്ത് കൺട്രോൾ പ്രോഗ്രാം - രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല - 2,10,000 രൂപ തടസ്സപ്പെടുത്തുന്നു<br>Written By: Anwar Raj.M (Senior Grade Auditor, On 28-11-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 18-03-2022) | 1-19 |
| 24 | ആയുർവേദ മരുന്നുകൾ -വിതരണത്തിൽ കാലതാമസം<br>Written By: Anwar Raj.M (Senior Grade Auditor, On 27-11-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 10-03-2022) | 1-20 |
| 25 | മൃഗാശുപത്രിക്ക് മരുന്ന് വാങ്ങൽ - മരുന്നുകൾ കാലഹരണ തീയതിക്ക് ശേഷവും വിതരണം ചെയ്തു<br>Written By: Anwar Raj.M (Senior Grade Auditor, On 28-11-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 18-03-2022) | 1-21 |
| 26 | ഗുണഭോക്തൃസമിതി മുഖേന നടപ്പാക്കിയ മരാമത്ത് പ്രവൃത്തികൾ-അപാകതകൾ<br>Written By: Jayalekshmi BK (Senior Grade Auditor, On 30-11-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 18-03-2022) | 1-22 |
| 27 | കരാറുകാരിൽ നിന്ന് ഈടാക്കേണ്ട തുക - ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് ഈടാക്കി<br>Written By: Jayalekshmi BK (Senior Grade Auditor, On 30-11-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 18-03-2022) | 1-23 |
| 28 | ആരോഗ്യമേഖലയിലെ പ്രോജക്ടുകൾ- രേഖകൾ സൂക്ഷിക്കുന്നതിലെ അപാകതകൾ<br>Written By: Jayalekshmi BK (Senior Grade Auditor, On 30-11-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 18-03-2022) | 1-24 |
| 29 | ടെണ്ടർ ഫോം വില ജില്ലാപഞ്ചായത്തിൽ നിന്നും ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്<br>Written By: Jayalekshmi BK (Senior Grade Auditor, On 30-11-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 10-03-2022) | 1-25 |
| 30 | പഞ്ചായത്തിന്റെ അധീനതയിലുള്ളതോ കൈമാറിക്കിട്ടിയതോ അല്ലാത്ത സ്ഥാപനങ്ങൾക്കുള്ള ചെലവ് - 56,479/- രൂപ അധികച്ചെലവ്<br>Written By: Sindhu P.S (Audit Officer, On 05-12-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 10-03-2022) | 1-26 |
| 31 | നിർവ്വഹണോദ്യോഗസ്ഥയുടെ പേരിലുള്ള അക്കൗണ്ട് | 1-27 |

| | | |
|---|---|---|
| | നിർത്തലാക്കേണ്ടതാണ്<br>Written By: Sindhu P.S (Audit Officer, On 05-12-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 09-03-2022) | |
| 32 | അവശ്യത്തിൽ അധികമായി വാങ്ങിയ സാധനങ്ങളുടെ വില – 74,340/-രൂ തടസ്സപ്പെടുത്തുന്നു<br>Written By: Sindhu P.S (Audit Officer, On 05-12-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 10-03-2022) | 1-28 |
| 33 | സിവിൽ സർവ്വീസസ് കോച്ചിംഗ് - പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ<br>Written By: Sindhu P.S (Audit Officer, On 05-12-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 10-03-2022) | 1-29 |
| 34 | ഹരിതകർമ്മസേന – പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ<br>Written By: Sindhu P.S (Audit Officer, On 05-12-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 10-03-2022) | 1-30 |
| 35 | ഹോളോ ബ്രിക്സ് യൂണിറ്റ് പ്രവർത്തനക്ഷമമല്ല<br>Written By: Sindhu P.S (Audit Officer, On 05-12-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 09-03-2022) | 1-31 |
| 36 | സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെയുള്ള കരാർ നിയമനങ്ങൾ<br>Written By: Sindhu P.S (Audit Officer, On 05-12-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 10-03-2022) | 1-32 |
| | **ഭാഗം 2** | |
| 1 | പിരിച്ചെടുത്ത തുക ഒടുക്ക് വരുത്തിയിട്ടില്ല<br>Written By: KALA P. (Auditor, On 01-12-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 10-03-2022) | 2-1 |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിവരം<br>Written By: Zeena K (Senior Grade Auditor, On 29-11-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 10-03-2022) | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Zeena K (Senior Grade Auditor, On 29-11-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 10-03-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്<br>Written By: KALA P. (Auditor, On 29-11-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 09-03-2022) | 4-3 |
| 4 | വായ്പ/വായ്പാ തിരിച്ചടവ്<br>Written By: KALA P. (Auditor, On 29-11-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 10-03-2022) | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: KALA P. (Auditor, On 29-11-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 09-03-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: KALA P. (Auditor, On 29-11-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 10-03-2022) | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.<br>Written By: KALA P. (Auditor, On 29-11-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 10-03-2022) | 4-7 |
| 8 | ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: KALA P. (Auditor, On 01-12-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 09-03-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: KALA P. (Auditor, On 01-12-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 17-03-2022) | 4-9 |

| | | |
|---|---|---|
| 10 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Sindhu P.S (Audit Officer, On 14-12-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 16-03-2022) | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

2019-20-ലെ ബജറ്റ് 26/02/2019-ലെ 1-ാം നം കമ്മിറ്റി തീരുമാനപ്രകാരം അംഗീകരിച്ചു.

പരിഷ്കരിച്ച ബജറ്റ് 25/03/2020-ലെ 1-ാം നം കമ്മിറ്റി തീരുമാന പ്രകാരം അംഗീകരിച്ചു. പ്രതീക്ഷിത വരവ് മുന്നിരിപ്പ് ഉൾപ്പെടെ 480523500/- രൂപയും പ്രതീക്ഷിത ചെലവ് 504640840/- രൂപയുമാണ്. എന്നാൽ വാർഷിക ധനകാര്യ പത്രിക പ്രകാരം (Income And Expenditure Statement) ആകെ വരവ് 246528769/- രൂപയും ആകെ ചെലവ് 256822864/- രൂപയുമാണ്.

2019-2020 സാമ്പത്തിക വർഷത്തിൽ പൂവച്ചൽ ഗ്രാമപഞ്ചായത്തിലെ ബജറ്റ് പരിശോധനയിൽ ചുവടെ ചേർക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

## 1-1-2 ബജറ്റിൽ വകയിരുത്താതെയും ബജറ്റിൽ വകയിരുത്തിയതിനേക്കാൾ അധികവും ചെലവ് ചെയ്തു.

കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 72 പ്രകാരം ബജറ്റിൽ നിർദ്ദേശിച്ചിട്ടില്ലാത്തതോ ബജറ്റിൽ നിർദ്ദേശിച്ചതിൽ കൂടുതലോ ആയ ചെലവ് ചെയ്യേണ്ടി വരികയാണെങ്കിൽ, അത്തരം ചെലവ് ചെയ്യുന്നതിനു മുമ്പ് അനുപൂരക ബജറ്റോ പുതുക്കിയ ബജറ്റോ പഞ്ചായത്ത് അംഗീകരിക്കേണ്ടതാണ്. ആക്ടിലെ 214(5)-ാം വകുപ്പിലെ വ്യവസ്ഥകൾ അനുസരിച്ച് ഏതെങ്കിലും ഒരു ചെലവ് ചെയ്യേണ്ടിവന്നാൽ തൊട്ടടുത്ത് ചേരുന്ന പഞ്ചായത്ത് യോഗത്തിൽ അനുപൂരക ബജറ്റോ പുതുക്കിയ ബജറ്റോ അവതരിപ്പിച്ച് അംഗീകാരം നേടേണ്ടതാണ്. അടുത്ത വർഷത്തെ ബജറ്റ് നിർദ്ദേശങ്ങളുടെ ഭാഗമായി മാർച്ച് മാസത്തിൽ സമർപ്പിക്കുന്ന പുതുക്കിയ ബജറ്റ് എസ്റ്റിമേറ്റ് , തന്നാണ്ടിലെ ബജറ്റിൽ വകയിരുത്താത്ത തുകകൾ ചെലവ് ചെയ്യുന്നതിനുള്ള അനുമതി നൽകുന്ന, പുതുക്കിയ ബജറ്റായി കണക്കാക്കാൻ പാടില്ലായെന്നിരിക്കെ ഗ്രാമപഞ്ചായത്തിൽ ബജറ്റിൽ വകയിരുത്താതെയും ബജറ്റിനെക്കാൾ അധികവും ചെലവു ചെയ്തിട്ടുണ്ട്.

| ക്രമ നം. | അക്കൗണ്ട് കോഡ് | ഇനം | A.F.Sപ്രകാരം ചെലവഴിച്ച തുക | 2019-2020 ലെ പരിഷ്കരിച്ച ബജറ്റ് പ്രകാരം വകയിരുത്തിയത് |
|---|---|---|---|---|
| 1 | 250100201 | Agriculture And Related Sectors-<br>Other Crops General | 1578000 | 1248000 |
| 2 | 251101101 | Continuing Education And Non-formal Education | വകയിരുത്തിയിട്ടില്ല. | 157350 |
| 3 | 251101301 | Related Activities General | വകയിരുത്തിയിട്ടില്ല. | 700000 |
| 4 | 251200101 | PHC, CHC & Other Hospitals/Dispensaries--General | വകയിരുത്തിയിട്ടില്ല. | 600530 |
| 5 | 251200401 | Medicines | വകയിരുത്തിയിട്ടില്ല. | 1473506 |
| 6 | 251300701 | Welfare Programs For The Destitute- General | വകയിരുത്തിയിട്ടില്ല. | 100000 |

| | | | | |
|---|---|---|---|---|
| 7 | 251301102 | Special Programs For Scheduled Tribes--TSP | വകയിരുത്തിയിട്ടില്ല. | 35750 |
| 8 | 251301201 | Other SocialSecurity Program General | വകയിരുത്തിയിട്ടില്ല. | 160526 |
| 9 | 251301601 | Buds Rehabilitation And Facilitation Centre--General | വകയിരുത്തിയിട്ടില്ല. | 526710 |
| 10 | 251400101 | Development Program For Women And Children—General | വകയിരുത്തിയിട്ടില്ല. | 116853 |
| 11 | 251400102 | Development Program For Women And Children—SCP | വകയിരുത്തിയിട്ടില്ല. | 375000 |
| 12 | 251410201 | Other Nutrition Distribution Program –General | വകയിരുത്തിയിട്ടില്ല. | 74880 |
| 13 | 251410202 | Other Nutrition Distribution Program –SCP | വകയിരുത്തിയിട്ടില്ല. | 253440 |
| 14 | 251420201 | Anganwadi Related Services--General | വകയിരുത്തിയിട്ടില്ല. | 569400 |

ഇതു സംബന്ധിച്ച് 26/11/2021-ൽ നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 33/2019-2020 -ന് ലഭ്യമായ മറുപടിയിൽ കോവിഡ് മൂലമുണ്ടായ അടിയന്തിര സാഹചര്യത്തിൽ ചില അക്കൗണ്ട് ഹെഡുകൾ വിട്ടുപോയതാണെന്നും ആയത് ഭാവിയിൽ ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും അറിയിക്കുകയുണ്ടായി. എന്നാൽ പ്രസ്തുത കാലയളവ് കോവിഡ് സാഹചര്യം ആയിരുന്നില്ല. ആയതിനാൽ മറുപടി അംഗീകരിക്കാവുന്നതല്ല.

1-1-3 എല്ലാ നിർവഹണ ഉദ്യോഗസ്ഥരും ബജറ്റ് പ്രൊപ്പോസൽ സമർപ്പിച്ചിട്ടില്ല.

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 10/01/2019-ലെ A-341/19-ാം നം കമ്മിറ്റി തീരുമാന പ്രകാരം 23/01/2019 തീയതിയ്ക്കകം പ്രതീക്ഷിത ചെലവ് നൽകണമെന്നാണ് സെക്രട്ടറി ആവശ്യപ്പെട്ടത്. എന്നാൽ 5 നിർവഹണ ഉദ്യോഗസ്ഥർ മാത്രമാണ് ബജറ്റ് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുള്ളത്. ബാക്കി നിർവഹണ ഉദ്യോഗസ്ഥരുടെ ബജറ്റ് പ്രൊപ്പോസൽ ലഭ്യമല്ലാത്ത സാഹചര്യത്തിലാണ് ബജറ്റ് തയാറാക്കിയത്. ആക്ടിലെ 214(1)-ാം വകുപ്പിലെ വ്യവസ്ഥകൾ അനുസരിച്ച് സർക്കാർ അതതുസമയങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും നിർണയിക്കപ്പെടുന്ന ചട്ടങ്ങൾക്കും വിധേയമായി 175-ാം വകുപ്പനുസരിച്ച് തയായാറാക്കിയതും ആനുവദിച്ചതുമായ വികസന പദ്ധതികളുടെ ചെലവ് ഉൾപ്പെടെ അടുത്ത വർഷത്തേക്ക് ഉണ്ടാകാനിടയുള്ള വരവ് ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് ഉൾകൊള്ളുന്ന ബജറ്റ് നിർദ്ദേശങ്ങൾ ഓരോ വർഷവും ജനുവരി 15-ാം തീയതിക്കുമുമ്പായി ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികൾ സെക്രട്ടറിയും അതതു വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥൻമാരും നൽകുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിച്ചുകൊണ്ട് തയ്യാറാക്കേണ്ടതും അത് ധനാകാര്യസ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതുമാണ്. കുറച്ച് നിർവഹണ ഉദ്യോഗസ്ഥർ മാത്രമാണ് പ്രൊപ്പോസൽ നൽകിയിരുന്നതെങ്കിലും മാർച്ച് 31 ന മുമ്പായി ബജറ്റ് പാസ്സാക്കിയില്ലെങ്കിൽ ദൈനംദിന ചെലവുകൾ നടത്താൻ പറ്റാത്ത സാഹചര്യം ഉണ്ടാകും എന്നതിനാലാണ് ബജറ്റ് തയാറാക്കിയതെന്നാണ് വിശദീകരിച്ചിട്ടുള്ളത്.

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2020 | 16.06.2020 | -- | -- |

വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു

1.ചുവടെ ചേർക്കുന്ന ഇനങ്ങളുടെ രജിസ്റ്ററും എ.എഫ്.എസും തമ്മിൽ പൊരുത്തപ്പെടുന്നില്ല. വരവ് രജിസ്റ്റർ ഓഡിറ്റിൽ ഹാജരാക്കിയില്ല.

| ഇനം | രജിസ്റ്റർ പ്രകാരം | | | എ.എഫ്.എസ് പ്രകാരം | | |
|---|---|---|---|---|---|---|
| | ഡിമാന്റ് | കളക്ഷൻ | ബാലൻസ് | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
| ലൈസൻസ് (431300101) | 283710 | 87500(AdvanceAdjust) 196210 (C) | 86200 | 283710 | 1300(Arrear) 196210(Current) | 3900 |
| വാടക മാർക്കറ്റ് (431400101) | 1232782 | 451800 (Advance) 724282 (C) | 56700 | 1232782 | 1621 (Arrear) 724282 (Current) | 56700(C) 174141(A) |

മേൽ വിഷയങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് 23/11/2021- ൽ നൽകിയ ഓഡിറ്റ് എൻക്വയറി 13/2019-20 ന് ലഭ്യമായ മറുപടി ഇപ്രകാരമാണ്.

എ). ലൈസൻസിൽ AFS-ഉം രജിസ്റ്ററും തമ്മിൽ പൊരുത്തപ്പെടുത്തിയ തുകയാണ്.

ബി). മാർക്കറ്റ് മുറികളുടെ വാടക രജിസ്റ്ററിൽ പബ്ളിക്ക് കംഫർട്ട് സ്റ്റേഷൻ ഡിമാൻറ് 25500/- രൂപ കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്.

2.

| കോഡ് നം. | ഇനം | രജിസ്റ്റർ പ്രകാരമുള്ള തുക | 2019-20-ലെ എ. എഫ്. എസ് പ്രകാരമുള്ള തുക (B4) |
|---|---|---|---|
| 320100115 | Centrally Sponsored Scheme -Total Sanitation Campaign (TSC) | 305803 | 752441 |
| 320100121 | Centrally Sponsored Scheme-- Integrated Child Development Sceme (ICDS) | 1575198 | 166501 |

ഇതു സംബന്ധിച്ച് 26/11/2021- ൽ നല്കിയ ഓഡിറ്റ് എൻക്വയറി നം 34/2019-2020- ന് ലഭ്യമായ മറുപടിയിൽ Total Sanitation Campaign 2019-2020 – ലെ ക്യാപിറ്റൽ ചെലവ് 446638/- രൂപ 2020-21 ലാണ് TSC ചെലവിൽ നിന്നും മാറ്റിയിട്ടുള്ളത് ഈ വ്യത്യാസമാണ് അധികമായി കാണുന്നത് എന്നാണ് പരാമർശിച്ചിട്ടുള്ളത്.

ICDS 2019-2020- ലെ ചെലവ് തുക 90303/- 2020-2021 ലാണ് Income Head ലേയ്ക്ക് മാറ്റിയിട്ടുള്ളത്. ടി തുകയാണ് അധികമായി ഉൾപ്പെട്ടിട്ടുള്ളത് എന്ന് മറുപടി നൽകിയിട്ടുണ്ട്.

3.ചുവടെ ചേർക്കുന്ന ഇനങ്ങളുടെ Demand, Collection, Balance തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| Code | Item | Demand | Collection | Balance |
|---|---|---|---|---|
| 140200199 | Penalties And Fines—Other Penalties | 36863 | 36641 | കാണിച്ചിട്ടില്ല. |
| 140500110 | Public Comfort Station Receipts | 93000 | Nil | 67500 (C)<br>107100 (A) |
| 140500111 | Market Receipts | 2206495 | 2103495 | 514374 (A) |
| 110200101 | Profession Tax-Institutions/Professionals/ Traders | 358985 | 291265 (C)<br>7950 (A) | 5110 (Advance) |
| 3202200207 | Fund For Transferred Institutions—Ayurveda – Capital | 1897 | Nil | 1897 |
| 320200320 | Grants For Stadium And Play Grounds | 73856 | Nil | 73856 |
| 320200321 | NABARD Assistance | 32261 | Nil | 32261 |

4.

എ). 2019-20- ലെ AFS- B1 Schedule-ലെ Excess Of Income Over Expenditure നെഗറ്റീവ് തുക കാണിക്കുന്നു

ബി). ചുവടെ ചേർത്തിട്ടുള്ള CGST, SGST ഇനങ്ങളിലെ നീക്കിയിരിപ്പ് തുക AFS-ലെ നീക്കിയിരിപ്പ് തുകയുമായി പൊരുത്തപ്പെടുന്നില്ല.

| ഇനം | CGST | SGST |
|---|---|---|
| 2019-20 -ലെ മുന്നിരിപ്പ് | 93086 | 93086 |
| വരവ് | 73818 | 73817 |
| ആകെ | 166904 | 166903 |
| ചെലവ് | 194461 | 194461 |
| നീക്കിയിരിപ്പ് | (27557) | (27558) |
| 2019-20-ലെ AFS പ്രകാരമുള്ള നീക്കിയിരിപ്പ് | 12721 | 12720 |

മേൽ പ്രസ്താവിച്ച വിഷയങ്ങളുടെ വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് 26/11/2021- ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം 27/2019-2020 മറുപടികൾ പ്രകാരമാണ്. Fixed Asset എന്ന ഹെഡിൽ മൊത്തം ആസ്തികളുടെ Depreciation ആകെ 47433432/- രൂപയാണ് ഇതു നെഗറ്റീവ് തുകയും സാങ്കേതികമായ ചെലവുമായതിനാൽ പഞ്ചായത്തിന്റെ അറ്റവരുമാനം നെഗറ്റീവ് തുകയായി മാറുന്നു എന്ന് അറിയിച്ചു. മുഴവൻ ആസ്തികളുടെയും മൂല്യം കണ്ടെത്തി ഡിപ്രിസിയേഷൻ കണക്കാക്കുന്നതിലെ അപാകത പരിഹരിക്കേണ്ടതാണ്.

സി). CGST SGST തുകകളിൽ വിവിധ വർക്ക്ബില്ലുകളിൽ നിന്നുള്ള Deductions Journal Voucher മുഖേന ജി എസ് റ്റി ലെഡ്ജറിൽ വന്ന തുക Receipts And PaymentAccount- ൽ ഉൾപ്പെടില്ലായെന്നും മറുപടി നൽകിയിട്ടുണ്ട്. പ്രസ്തുത

അപാകത പരിഹരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

ഡി). SBT OWN FUND (450210101) -ലെ Reconcile ചെയ്ത തുക 83226/- രൂപയാണ്. ഈ തുക 2014 മുതൽ ഇഷ്യു ചെയ്ത ചെക്കുകൾ ഉൾപ്പെടുന്നതാണ്. കാലാവധി കഴിഞ്ഞ ചെക്കുകൾ പഞ്ചായത്തിന്റെ വരവിനത്തിൽ കാണിക്കേണ്ടതാണ്. അപ്രകാരം കാണിച്ചിട്ടില്ല. ഇവയുടെ വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് 23/11/2021- ൽ നൽകിയ ഓഡിറ്റ് എൻക്വയറി 09/2019-20 -കാലാവധി കഴിഞ്ഞ ചെക്കുകൾ തനതുഫണ്ടിലേയ്ക്ക് വരവായി ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു.

ഇ). Indian Overseas Bank (450210103) - ലെ Reconcile ചെയ്ത തുക 97480/- രൂപയാണ്. ഈ തുക 2018 മുതൽ ഇഷ്യു ചെയ്ത ചെക്കുകൾ ഉൾപ്പെടുന്നതാണ്. കാലാവധി കഴിഞ്ഞ ചെക്കുകൾ പഞ്ചായത്തിന്റെ വരവിനത്തിൽ കാണിക്കേണ്ടതാണ്. അപ്രകാരം കാണിച്ചിട്ടില്ല.

ഇവയുടെ വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് 23/11/2021- ൽ നൽകിയ ഓഡിറ്റ് എൻക്വയറി 09/2019-20 – കാലാവധി കഴിഞ്ഞ ചെക്കുകൾ തനതുഫണ്ടിലേയ്ക്ക് വരവായി ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു.

എഫ്).വർഷാന്ത്യത്തിൽ ഗ്രാമ പഞ്ചായത്തിലെ സ്റ്റോക്ക് മൂല്യ നിർണ്ണയം നടത്തി വാർഷിക ധനകാര്യ പത്രികയിലെ B-14 Stock-in Hand ഉൾപ്പെടുത്തിയിട്ടില്ല.

ജി). 2019-2020 വർഷത്തെ തൊഴിൽ നികുതി, ലേലം എന്നിവയുടെ ഡിമാന്റ് , കളക്ഷൻ ബാലൻസ് ബന്ധപ്പെട്ട രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

എഫ്).സംയുക്ത പദ്ധതി

1. സ്ഥാപനം ഹാജരാക്കിയ സുലേഖ ചെലവ് പത്രിക പ്രകാരം സംയുക്ത പദ്ധതിയുടെ ജില്ലാ പഞ്ചായത്തിന്റെ ചെലവ് 2427239/-രൂപയും ബ്ലോക്ക് പഞ്ചായത്തിന്റെ ചെലവ് 4680409/-രൂപയുമാണ്.എന്നാൽ വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള വരവ് ചുവടെ ചേർക്കും പ്രകാരമാണ്. (RP-31)

| Code | Head Of Account | Amount |
|---|---|---|
| 320700104 | Contributions For Joint Venture Projects (For Capital Expenditure) - From Block Panchayats | 300000/- |
| 320700204 | Contributions For Joint Venture Projects (For Revenue Expenditure) - From Block Panchayats | 3417134/- |

2. ജില്ലാ പഞ്ചായത്ത് വിഹിതമായി 2019-20 സാമ്പത്തിക വർഷത്തിൽ വരവൊന്നും വന്നിട്ടില്ല. എന്നാൽ മുന്നിരിപ്പായ 554661/-രൂപ ചെലവഴിക്കാതെ അവശേഷിച്ച സാഹചര്യത്തിൽ 2427239/-രൂപയുടെ ചെലവ് വന്നിരിക്കുന്നു.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 5 നുള്ള മറുപടിയിൽ, സംയുക്ത പദ്ധതിയ്ക്ക് 2019-20 ൽ അലോട്ട്മെന്റ് സിസ്റ്റമാണ് നിലവിലുണ്ടായിരുന്നതെന്നും പഞ്ചായത്തിൽ അലോട്ട്മെന്റ് പാസാക്കുന്ന മുറയ്ക്ക് അവ നടപ്പിലാക്കുന്ന ജില്ലാ – ബ്ലോക്ക് പഞ്ചായത്തുകൾ നേരിട്ട് ട്രഷറിയിൽ സമർപ്പിക്കുകയും ബില്ലുകൾ ഇ-ബിൽ വൗച്ചറുകൾ മുഖേന സാംഖ്യ പേയ്മെന്റാവുകയുമാണ് ചെയ്യുന്നതെന്നും പരാമർശിച്ചിട്ടുണ്ട്. ഇ-ബിൽ വൗച്ചറുകൾ ലഭ്യമല്ലാത്തതിനാലാണ് പ്രസ്തുത ചെലവുകൾ സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെടാത്തതെന്നറിയിച്ചിരിക്കുന്നു.

ജി).ഡെപ്പോസിറ്റ് നൽകിയ തുകയുടെ ചെലവിൽ 10904/- രൂപയുടെ വ്യത്യാസം .

KSEB ഡെപ്പോസിറ്റ് പ്രവൃത്തികളുടെ വിനിയോഗ സാക്ഷ്യപത്രം പ്രകാരം 400429/- രൂപയുടെ വിനിയോഗത്തിന്റെ

വിവരങ്ങളാണ് ലഭ്യാമാക്കിയത്.എന്നാൽ വാർഷിക ധനകാര്യപത്രിക പ്രകാരം ചുവടെ ചേർക്കുന്ന രീതിയിലാണ് .

| മുന്നിരിപ്പ് (B-18) 2018-19 | നിക്ഷേപം (RP 47) 2019-20 | ആകെ | ചെലവ് (വിനിയോഗ സാക്ഷ്യപത്രം ലഭിച്ചത്) | നീക്കിയിരിപ്പ് (B-18) 2019-20 |
|---|---|---|---|---|
| 2295068 | 8689 | 2303757 | 389525 | 1914232 |

389525 /- രൂപയാണ് കണക്ക് പ്രകാരം വരേണ്ടത്. KSEB യുടെ ഡെപ്പോസിറ്റ് പ്രവൃത്തികളുടെ വിനിയോഗ സാക്ഷ്യപത്രം മുഖേന 400429/- രൂപയാണ്. എന്നാൽ 400429/-രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുമ്പോൾ തുകയിൽ വ്യത്യാസം വരുന്നു.10904/- രൂപയുടെ വ്യത്യാസം. അതായത് നീക്കിയിരിപ്പ് തുകയിൽ 10904/- രൂപ കുറവാണ് കാണിക്കുന്നത് (2303757-400429=1903328).

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.19/19-20 നുള്ള മറുപടിയിൽ 2020-21 ലെ വാർഷികധനകാര്യപത്രികയിൽ മേൽ തുകയുടെ വിനിയോഗ സാക്ഷ്യപത്രംകൂടി ഉൾപ്പെടുത്താമെന്ന അറിയിച്ചിട്ടുണ്ട്.

## 1-3 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് തുക+ (ക്യൂ ബിൽ) | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസനഫണ്ട്(ജനറൽ) | 0 | 25896012 | 25896012 | 24690249+ (1205000) | 763 |
| വികസനഫണ്ട് (എസ്.സി.പി) | 0 | 9107824 | 9107824 | 4115833+ (1748500) | 3243491 |
| വികസനഫണ്ട്(ടി.എസ്.പി) | 0 | 662294 | 662294 | 546454+ (75000) | 40840 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Untied) | 0 | 23458783 | 23458783 | 8175750+ (7073013) | 8210020 |
| മെയിന്റനൻസ് ഗ്രാന്റ്- റോഡ് | 0 | 9701000 | 9701000 | 2910527+ (2172850) | 4617623 |
| മെയിന്റനൻസ് ഗ്രാന്റ്- റോഡിതരം | 0 | 7308000 | 7308000 | 5072934+ (206219) | 2028847 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് (ഇനം തിരിച്ച്) | | | | | |
| ലൈബ്രറി ഗ്രാന്റ് | 54368 | 29190 | 83558 | 29190 | 54368 |
| ശുചിത്വ മിഷൻ ഗ്രാന്റ് | 2362446 | 1116000 | 3478446 | 2726005 | 752441 |

| | | | | | |
|---|---|---|---|---|---|
| കേന്ദ്രാവിഷ്കൃത ഫണ്ട്(ഇനം തിരിച്ച്) | | | | | |
| ICDS | 1331079 | 1198689 | 2529768 | 864267 | 1665501 |

നോട്ട് : ഗ്രാന്റുകളുടെ ചെലവ് ACR,ക്യു ബിൽ എന്നിവ ഉൾപ്പടെയുള്ള തുകയാണ് കാണിച്ചിരിക്കുന്നത്.

അപാകതകൾ

2019-20 സാമ്പത്തിക വർഷത്തെ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് ,വാർഷിക ധനകാര്യപത്രിക,അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ (എ.സി.ആർ) എന്നിവ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. ചെലവ് തുകയിൽ വ്യത്യാസം

| ഇനം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം (ചെലവ്) | വാർഷിക ധനകാര്യപത്രിക/ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം (ചെലവ്) | വ്യത്യാസം |
|---|---|---|---|
| വികസന ഫണ്ട്(ജനറൽ) | 29480237 | 24690249 | 4789988 |
| വികസന ഫണ്ട്(എസ്.സി.പി) | 4307009 | 4115833 | 191176 |
| വികസന ഫണ്ട്(ടി.എസ്.പി) | 561160 | 546454 | 14706 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 3 നുള്ള മറുപടിയിൽ ലൈഫ് ഭവന പദ്ധതിയുടെയും അംഗൻവാടി വിഹിതത്തിന്റെയും തുകകൾ ഉറവിടത്തിൽ നിന്നും കുറവ് ചെയ്യുന്നതിനാലാണ് പ്രസ്തുത വ്യത്യാസം വരുന്നതെന്ന് അറിയിച്ചിരിക്കുന്നു.ഉറവിടത്തിൽ നിന്നും കുറവ് ചെയ്യുന്ന തുകകൾ റെസീപ്റ്റ് ആന്റ് പേയ്മെന്റിൽ ഉൾപ്പെടുന്നില്ലായെന്നും മറുപടി ലഭ്യമാക്കി.

2.നീക്കിയിരിപ്പ് തുകയിൽ വ്യത്യാസം

| ഇനം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം നീക്കിയിരിപ്പ് | അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം നീക്കിയിരിപ്പ് |
|---|---|---|
| വികസന ഫണ്ട് (ജനറൽ) | - 3584225 | 1205763 |
| വികസന ഫണ്ട്(എസ്.സി.പി) | 4800815 | 4991991 |
| വികസന ഫണ്ട് (ടി.എസ്.പി) | 101134 | 115840 |

## 1-4 ആഭ്യന്തരനിയന്ത്രണം

1)വിവിധ രജിസ്റ്ററുകളുടെ കൃത്യവും ആധികാരികവുമായ സൂക്ഷിപ്പ് ശ്രദ്ധയൂന്നേണ്ട വിഷയമാണ്. ആസ്തി രജിസ്റ്റർ കാലികമാക്കി തയ്യാറാക്കി സൂക്ഷിക്കുന്നില്ല. പുതുതായി ആർജിക്കുന്ന ആസ്തികൾ യഥാർത്ഥ മൂല്യത്തോടെയും, ചട്ടത്തിൽ നിഷ്കർഷിക്കുന്ന ഡിപ്രീസിയേഷൻ നൽകിയും ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

2) നികുതി, നികുതിയേതര വരുമാനങ്ങളുടെ ശേഖരണത്തിൽ കൂടുതൽ ജാഗ്രത പുലർത്തേണ്ടതുണ്ട്. സ്പിൽ ഓവർ പദ്ധതികൾ തൻവർഷം തന്നെ പൂർത്തീകരിക്കണമെന്ന സർക്കാർ ഉത്തരവ് പ്രകാരമുള്ള നിർദ്ദേശം നിർവ്വഹണോദ്യോഗസ്ഥർ പാലിക്കുന്നില്ല.

3)വിവിധ പ്രവൃത്തികൾക്കുള്ള ടെണ്ടർ പരസ്യങ്ങൾ ഒരു പത്രത്തിൽ മാത്രമാണ് നൽകി വരുന്നത്. ആകയാൽ കരാറുകാർ എണ്ണത്തിൽ വളരെ കുറവായിക്കാണുന്നു.

4) മരാമത്ത് പ്രവൃത്തികളുടെ സെലക്ഷൻ നോട്ടീസുകളിൽ തീയതി രേഖപ്പെടുത്തുന്നില്ല. ആകയാൽ കൃത്യസമയത്ത് കരാർ വെയ്ക്കുന്നുണ്ടോ എന്ന് പരിശോധിക്കാനായിട്ടില്ല.

5) ഗ്രാമ പഞ്ചായത്തിൽ എഴുതി സൂക്ഷിക്കുന്ന വിവിധ രജിസ്റ്ററുകളുടെയും മിനിട്സ് ബുക്കുകളുടെയും പരിപാലനത്തിൽ കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതാണ്. രജിസ്റ്ററുകളെല്ലാം സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല.

6) വിവിധ സാമൂഹ്യ സുരക്ഷാ പെൻഷനുകൾ ഗുണഭോക്താക്കളുടെ മരണശേഷവും വിതരണം ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടു. പെൻഷൻ വിതരണ രജിസ്റ്ററുകളൊന്നും ആധികാരികമല്ല.

7) വിവിധ നിർവ്വഹണോദ്യോഗസ്ഥർ നടപ്പിലാക്കിയ പദ്ധതികളുടെ മോണിറ്ററിംഗ് കുറച്ചുകൂടി മെച്ചപ്പെടുത്തുന്നതിന് വിവിധ വർക്കിംഗ് ഗ്രൂപ്പുകളും സ്റ്റാൻഡിംഗ് കമ്മിറ്റികളും ശ്രദ്ധിക്കേണ്ടതാണ്.

8) ഹരിതകർമ്മസേനയും കുടുംബശ്രീ മുഖേനയുള്ള മാർക്കറ്റ് ഗേറ്റ് ഫീസ് പിരിവും പഞ്ചായത്തിന് വൻനഷ്ടം വരുത്തിവെയ്ക്കുന്ന രീതിയിലാണ് മുന്നോട്ടുപോകുന്നത്. വരവു തുകകൾ കൃത്യമായി ഒടുക്കുവരുത്തുന്നില്ല. ഷ്രെഡഡ് പ്ലാസ്റ്റിക്ക് വിൽപന സംബന്ധിച്ച ഒരു രേഖയും സ്ഥാപനത്തിൽ ലഭ്യമല്ല.

9)പ്രൊക്വയർമെന്റ് കമ്മിറ്റി,സർക്കാർ ഉത്തരവിലെ നിർദ്ദേശ പ്രകാരം പ്രവർത്തിക്കുന്നില്ല.

10)എല്ലാ നിർവ്വഹണോദ്യോഗസ്ഥരും TR7A ക്യാഷ് ബുക്ക് എഴുതി സൂക്ഷിക്കേണ്ടതാണ്.

11) വിവിധ ലൈസൻസുകൾ നല്കുന്നതിലെ നടപടിക്രമം കൂടുതൽ ആധികാരികവും സുതാര്യവുമാകേണ്ടതുണ്ട്. ട്രേഡേഴ്സ് ലിസ്റ്റ് പൂർണമല്ല.

13)ഗ്രാമ പഞ്ചായത്തിന് വരവിനത്തിൽ ലഭിക്കേണ്ട തുകകൾ കൃത്യമായി പിരിച്ചെടുത്ത് തനത് വരുമാനം വർദ്ധിപ്പിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

ഗ്രാമ പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-5 ക്ഷേമപദ്ധതികൾ

2019-20 സാമ്പത്തിക വർഷത്തിൽ സ്ഥാപനം നൽകിയ ക്ഷേമപെൻഷനുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 521640 | 306 |
| കർഷകതൊഴിലാളി പെൻഷൻ | 1873200 | 929 |
| വിധവാപെൻഷൻ | 10593600 | 4314 |
| വാർദ്ധക്യകാല പെൻഷൻ | 25537500 | 12259 |
| വികലാംഗപെൻഷൻ | 3746900 | 1865 |
| വിവാഹധനസഹായം | 210000 | 7 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 423600 | 207 |

### ക്ഷേമ പെൻഷൻ വിതരണ ത്തിലെ അപാകതകൾ

ധന വകുപ്പിന്റെ 22.09.2017 എസ്.എഫ്.സി.ബി 1 /62/2017-ാം നമ്പർ സർക്കുലർ, 29.11.2017 ലെ എസ്.എഫ്.സി.ബി 1 / 71/2017-ാംനമ്പർ സർക്കുലർ, 2.08.2021 ലെ എസ്.എഫ്.സി.ബി 1 /63/2021-ാംനമ്പർ സർക്കുലർ എന്നിവ പ്രകാരം ക്ഷേമ പെൻഷൻ കൈപ്പറ്റുന്ന ഗുണഭോക്താവ് മരണപ്പെട്ട വിവരം പ്രാദേശിക സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടാൽ പെൻഷൻ വിതരണം അന്നു തന്നെ നിർത്തേണ്ടതാണെന്നും മരണപ്പെട്ടവരെ ഗുണഭോക്തൃലിസ്റ്റിൽ നിന്നും ഒഴിവാക്കുവാൻ സെക്രട്ടറി നടപടി സ്വീകരിക്കേണ്ടതാണെന്നും പ്രസ്തുത ലിസ്റ്റിൽ നിന്നും സമയബന്ധിതമായി ഒഴിവാക്കിയില്ലെങ്കിൽ സർക്കാരിനുണ്ടാകുന്ന സാമ്പത്തിക നഷ്ടം സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണെന്നുമുള്ള ഉത്തരവുകൾ നിലനിൽക്കെ ഗ്രാമപഞ്ചായത്തിൽ മരണപ്പെട്ട ഗുണഭോക്താക്കൾക്ക് നിലവിലും പെൻഷൻ അനുവദിക്കുന്നതായി സേവനയിൽ നിന്നും കണ്ടെത്തി. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1.മരണപ്പെട്ട വ്യക്തികൾക്ക് നിലവിലും പെൻഷൻ നൽകിവരുന്നു .

| പേര്, മേൽവിലാസം | നൽകുന്ന ക്ഷേമ പെൻഷൻ | മരണം നടന്ന തീയതി | പെൻഷൻ നൽകിയതിന്റെ വിവരം |
|---|---|---|---|

| | | | |
|---|---|---|---|
| ഫാത്തിമ ബീവി. മൈലാട്ടുംകുന്ന്, പൂവച്ചൽ,പൂവച്ചൽ പി.ഒ | 50 വയസ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 06.08.2020 | സെപ്റ്റംബർ 2020 മുതൽ ഒക്ടോബർ 2021 വരെ.(14 മാസം) |
| കുഞ്ഞുലക്ഷ്മി ഉദിയറത്തലയ്ക്കൽ വീട് മേപ്പൂക്കട, മലയിൻകീഴ് | ഇന്ദിരാഗാന്ധി ദേശിയ വാർദ്ധക്യകാല പെൻഷൻ | 20.12.2019 | ജനുവരി 2020 മുതൽ മുതൽ ഒക്ടോബർ 2021 വരെ.(22 മാസം) |
| രാം ബഹദൂർ.സി അമ്പലത്തിൻവിള വീട്, മുളമൂട്, പൂവച്ചൽ.പി.ഒ. | ഇന്ദിരാഗാന്ധി ദേശിയ വാർദ്ധക്യകാല പെൻഷൻ | 24.09.2020 | ഒക്ടോബർ 2020 മുതൽ ഒക്ടോബർ 2021 വരെ. (13 മാസം) |
| രാജമ്മ.ജെ തടത്തരികത്ത് വീട്, ഏഴാമൂഴി, വീരണക്കാവ്. | ഇന്ദിരാഗാന്ധി ദേശിയ വാർദ്ധക്യകാല പെൻഷൻ | 20.09.2020 | ഒക്ടോബർ 2020 മുതൽ ഒക്ടോബർ 2021 വരെ. (13 മാസം) |
| സുന്ദരൻ നാടാർ തോട്ടരികത്ത് പുത്തൻ വീട്, മാവിള, ഉണ്ടപ്പാറ, കൊണ്ണിയൂർ,പൂവച്ചൽ | ഇന്ദിരാഗാന്ധി ദേശിയ വാർദ്ധക്യകാല പെൻഷൻ | 05.01.2020 | ഫെബ്രുവരി 2020 മുതൽ ഒക്ടോബർ 2021 വരെ. (21 മാസം) |
| ഓമന.കെ, അനിൽഭവൻ നാരകത്തിൻകുഴി പന്നിയോട് | ഇന്ദിരാഗാന്ധി ദേശിയ വാർദ്ധക്യകാല പെൻഷൻ | 11.02.2020 | മാർച്ച് 2020 മുതൽ ഒക്ടോബർ 2021 വരെ. (20 മാസം) |

2.മരണശേഷവും പെൻഷൻ നൽകി

| പേര്, മേൽവിലാസം | നൽകുന്ന ക്ഷേമപെൻഷൻ | മരണം നടന്ന തീയതി | പെൻഷൻ നൽകിയതിന്റെ വിവരം |
|---|---|---|---|
| ജെ.സുന്ദരൻ വാറുവിളാകത്ത് വീട് ചെറിയംക്കോട്, കട്ടയ്ക്കോട്.പി.ഒ | കർഷകത്തൊഴിലാളി പെൻഷൻ | 31.12.2019 | ജനുവരി 2020 മുതൽ ഏപ്രിൽ 2020 വരെ (4 മാസം) |
| തങ്കപ്പൻ.എം ഷിനി ഭവൻ വെള്ളൂർക്കോണം, മഞ്ച. | ഇന്ദിരാഗാന്ധി ദേശിയ വാർദ്ധക്യകാല പെൻഷൻ | 14.08.2020 | സെപ്തംബർ 2020 മുതൽ ഒക്ടോബർ 2020 വരെ (2 മാസം) |
| സുധാകരൻ.കെ മഹേഷ് ഭവൻ ചെറുമണ്ണാട്ട് മേലേ പുത്തൻവീട്, മൈലോട്ട്മൂഴി | ഇന്ദിരാഗാന്ധി ദേശിയ വാർദ്ധക്യകാല പെൻഷൻ | 14.09.2020 | ഒക്ടോബർ 2020 മുതൽ നവംബർ 2020 വരെ (2 മാസം) |
| ദിനേഷ് കുമാർ ലക്ഷമിനിവാസ് പച്ചക്കാട്,കൊണ്ണിയൂർ, പുനലാൽ | കർഷക തൊഴിലാളി പെൻഷൻ. | 20.09.2020 | ഒക്ടോബർ 2020 മുതൽ ഏപ്രിൽ 2021 വരെ (7 മാസം) |
| എൽ.ജഗദമ്മ പിള്ള മേക്കേ കൊച്ച്തെങ്ങ് വിളാകം ചായ്ക്കുളം, വീരണക്കാവ് | ഇന്ദിരാഗാന്ധി ദേശിയ വാർദ്ധക്യകാല പെൻഷൻ | 20.12.2019 | ജനുവരി 2020 മുതൽ സെപ്തംബർ 2020 വരെ (9മാസം) |

ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറി നം 15 ന ലഭ്യമാക്കിയ മറുപടിയിൽ 2021 ജൂലൈ മാസം മുതലുള്ള മാസങ്ങളിലെ പെൻഷൻ വിതരണം ചെയ്തപ്പോൾ മരണപ്പെട്ടതായി കണ്ടെത്തിയ 141 ഗുണഭോക്താക്കളുടെ പെൻഷൻ സസ്പെന്റ് ചെയ്തതായും ബാക്കിയുള്ളവരുടേത് സസ്പെന്റ് ചെയ്യുന്നതാണെന്നും അറിയിച്ചിരിക്കുന്നു.

പഞ്ചായത്തിൽ മരണപ്പെട്ട ക്ഷേമപെൻഷൻ കൈപ്പറ്റുന്ന വ്യക്തികളുടെ മുഴുവൻ വിവരവും അധികമായി നൽകിയ തുകകളുടെ വിവരവും 2 മാസത്തിനുള്ളിൽ അറിയിക്കേണ്ടതും അനർഹരെ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.അല്ലാത്ത പക്ഷം 2.08.2021 ലെ എസ്.എഫ്.സി.ബി 1/63/2021-ാംനമ്പർ സർക്കുലർ പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## 1-6 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20.11.2021- 4.30ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 12,711/- ( പന്ത്രണ്ടായിരത്തി എഴുന്നൂറ്റി പതിനൊന്ന് രൂപ) രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-7 പദ്ധതി അവലോകനം

പൂവച്ചൽ പഞ്ചായത്തിൽ 2019-20ൽ പ്രോജക്ടുകൾ നടപ്പിലാക്കിയതിന്റെ വിവരം ചുവടെ ചേർക്കുന്നു

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 249 | 254824853 | 147 | 104961739 | 102 | 41.19 |

## 1-8 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 44906 | 3073236 (*) | 3120142 | 3120142 (**) | 0 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | 0 | 89515000 (*1) | 89515000 | 89515000 | 0 |
| ആകെ | 44906 | 92590236 | 92635142 | 92635142 | 0 |

(*)- ലഭ്യമാക്കിയ സ്റ്റേറ്റ്മെന്റ് പ്രകാരം വരവ്- 3075236/-

(**)- എ.എഫ്.എസ്. RP 6 പ്രകാരം ചെലവ്- 258903/- രൂപയാണ്

(*1) – ലഭ്യമാക്കിയ സ്റ്റേറ്റ്മെന്റ് പ്രകാരം വരവ്-92762000/- , ചെലവ്-92559000/-, നീക്കിയിരിപ്പ്- 2.48/-

മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

### 1-8-1 എം.എൻ.ആർ.ഇ.ജി.എസ്- മെറ്റീരിയൽ വർക്ക്- കരാറുകാരിൽ നിന്ന് നിയമാനുസൃത നികുതി ഈടാക്കേണ്ടതാണ്

2017 ലെ സെൻട്രൽ ഗുഡ്സ് ആന്റ് സർവീസസ് ടാക്സ് ആക്ടിലെ വകുപ്പ് 51, കേന്ദ്ര സർക്കാരിന്റെ Central Board Of Indirect Taxes And Customs ന്റെ 13.09.2018 ലെ 50/2018 നമ്പർ നോട്ടിഫിക്കേഷൻ, കേന്ദ്ര റവന്യൂ വകുപ്പിന്റെ

14.09.2018 ലെ സർക്കുലർ നം 65/39/2018-DOR എന്നിവ പ്രകാരം 2,50,000 രൂപയിൽ അധികരിക്കുന്ന കരാർ തുകകൾ നൽകുമ്പോൾ 2% ജി.എസ്.ടി സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് അടക്കേണ്ടതുണ്ട്. 2019-20വർഷം പേയ്മെന്റ് നൽകിയ മെറ്റീരിയൽ പ്രവൃത്തികളുടെ സാധന സാമഗ്രികൾ വിതരണം ചെയ്ത കരാറുകാരിൽ നിന്ന് ഇപ്രകാരം നികുതി ഈടാക്കിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| കരാറുകാരൻ | പ്രവൃത്തിയുടെ പേര് | സാധനസാമഗ്രികൾക്ക് നൽകിയ തുക | ആകെ തുക | ഈടാക്കേണ്ടിയിരുന്ന ടി.ഡി.എസ് |
|---|---|---|---|---|
| ശ്രീ.രാജശേഖരൻ നായർ.സി | 19(18-19) ചാമവിള വാർഡിൽ അംഗണവാടി കെട്ടിട നിർമ്മാണം | 295236 | 2183871 | 43677 |
| | 20(17-18) കരിയംകോട് വാർഡിൽ അംഗണവാടി നിർമ്മാണം | 326461 | | |
| | 16(18-19) മുതിയാവിള വാർഡിൽ വർക്ക്ഷെഡ് യൂണിറ്റ് | 284413 | | |
| | 3(18-19) ആലമുക്ക് വാർഡിൽ കുഴിയംകോണം അംഗൻവാടി നടപ്പാത കോൺക്രീറ്റ് | 116966 | | |
| | 21(18-19) പൊന്നെടുത്തകുഴി വടക്കേകല്ലറത്തലഇട റോഡ് കോൺക്രീറ്റ് | 370710 | | |
| | 6(18-19) മുതിയാവിള വാർഡിൽ പൊറ്റയിൽ ക്ഷേത്രനട റോഡ് കോൺക്രീറ്റ്, സൈഡ് വാൾ നിർമ്മാണം | 476839 | | |
| | 1(18-19) മാടൻകാവ് മുതൽ അയന്തിച്ചിറ വരെയുള്ള തോട് സൈഡ് വാൾ നിർമ്മാണം | 313246 | | |
| ശ്രീ.ഷൈൻ.ആർ | 5(18-19) പുളിങ്കോട് വാർഡിൽ അംഗനവാടി കെട്ടിട നിർമ്മാണം | 277806 | 277806 | 5556 |
| ശ്രീ.ജയകുമാർ.എം | 16(19-20) കാട്ടാക്കട എൽ.പി.എസ് മിനിനഗർ സ്കൂളിൽ ചുറ്റുമതിൽ നിർമ്മാണം | 265550 | 265550 | 5311 |

സോഫ്റ്റ് വെയറിൽ ജി.എസ്.ടി തുക ഈടാക്കാനോ അത് പഞ്ചായത്ത അക്കൌണ്ടിലേക്ക് മാറ്റാനോ ഒരു സംവിധാനവും നിലവിലില്ലാത്തതിനാലാണ് കരാറുകാരനിൽ നിന്നും ടി.ഡി.എസ്. ഈടാക്കാത്തതെന്നാണ് മറുപടി

(ഓഡിറ്റ് എൻക്വയറി നം.36) ലഭ്യമാക്കിയത്. ആയത് അംഗീകരിക്കാവുന്നതല്ല. കരാറുകാരിൽ നിന്ന് ടി.ഡി.എസ് ഈടാക്കി അടവാക്കിയതിന്റെ വിശദാംശം ലഭ്യമാക്കേണ്ടതാണ്.

## 1-8-2 മെറ്റീരിയൽ വർക്കുകളിൽ സാധനങ്ങളുടെ ജി.എസ്.ടി. ബിൽ സൂക്ഷിച്ചിട്ടില്ല

തൊഴിലുറപ്പ് പദ്ധതി വഴി നടപ്പാക്കുന്ന പ്രവൃത്തിഫയലുകളിൽ വാങ്ങുന്ന നിർമ്മാണ സാധനങ്ങളുടെ ജി.എസ്.ടി.ബിൽ സൂക്ഷിച്ചിട്ടില്ല. പ്രാദേശികമായി വിഭവങ്ങൾ ശേഖരിച്ച് പ്രവൃത്തി ചെയ്യുന്നതിനാലാണ് ബിൽ ഹാജരാക്കുവാൻ കഴിയാത്തതെന്നാണ് അപാകതയ്ക്ക് വിശദീകരണം നൽകിയിരിക്കുന്നത് (ഓഡിറ്റ് എൻക്വയറി നം.36). എസ്റ്റിമേറ്റിൽ ജി.എസ്.ടി ഉൾപ്പെടെയാണ് സാധനസാമഗ്രികൾക്ക് തുക നൽകുന്നത്. ആയതിനാൽ മറുപടി അംഗീകരിക്കാൻ സാധിക്കില്ല. തുടർവർഷങ്ങളിൽ അപാകത പരിഹരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-9 പ്രൊക്യൂർമെന്റ് കമ്മിറ്റി ചുമതലകൾ നിറവേറ്റുന്നില്ല

സ.ഉ (പി) നം. 259/2010/ത.സ്വ.ഭ.വ തീ 08.11.10, 2013ലെ സ്റ്റോർ പർച്ചേസ് മാന്വൽ ഖണ്ഡിക 6.1 എന്നിവ പ്രകാരം വാങ്ങേണ്ടി വരുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും മൊത്തത്തിലുള്ള കണക്കെടുപ്പ് സാമ്പത്തികവർഷാരംഭത്തിൽ തന്നെ പ്രൊക്യൂർമെന്റ് കമ്മിറ്റി നടത്തേണ്ടതും ബാധകമായ നടപടിക്രമം അനുസരിച്ച് വാങ്ങേണ്ടതുമാണ്. എന്നാൽ സ്ഥാപനത്തിലെ പ്രസ്തുത കമ്മിറ്റിയുടെ രജിസ്റ്റർ പരിശോധിച്ചതിൽ ഇത്തരത്തിലുള്ളൊരു കണക്കെടുപ്പൊന്നും നടത്തിയിട്ടുള്ളതായി കാണുന്നില്ല.

2019-20 വർഷത്തിൽ ചേർന്നിട്ടുള്ള കമ്മിറ്റികളെല്ലാം ഉപകരണങ്ങളും ഫർണിച്ചറും മറ്റും വാങ്ങാൻ ക്ഷണിച്ച ടെണ്ടറുകൾ അംഗീകരിച്ച് പിരിയുകയാണ് ചെയ്തിട്ടുള്ളത്.

വാങ്ങൽ പദ്ധതിയുടെ തുക നിശ്ചയിക്കുക, അംഗീകാരവും ഫണ്ടുകളും ഉറപ്പാക്കുക, ടെണ്ടർ നടപടിക്രമങ്ങൾ പാലിക്കുക, വാങ്ങുന്ന സാധനങ്ങളുടെ ഗുണനിലവാര പരിശോധന എന്നിവയെല്ലാം പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ ചുമതലകളിൽപ്പെടുന്നവയാണ്. പഞ്ചായത്തിന്റെ വികസനത്തിന് സഹായകരവും കർമ്മനിരതവുമായ ഒരു കമ്മിറ്റി രൂപീകരിക്കുന്നതിലേക്ക് ഭരണസമിതിയുടെ സത്വര ശ്രദ്ധ ക്ഷണിക്കുന്നു.

## 1-10 രസീത് മുഖാന്തിരം പിരിച്ച തുക പൂർണ്ണമായും അടവാക്കിയിട്ടില്ല.

കേരള ഫിനാൻഷ്യൽ കോഡ് വാല്യം 1 ആർട്ടിക്കിൾ 7, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ് )ചട്ടങ്ങൾ 2011 എന്നിവ പ്രകാരം പഞ്ചായത്തിനു വേണ്ടി സ്വീകരിച്ച എല്ലാ പണവും അതേ ദിവസം തന്നെ ക്യഷ് ബുക്കിൽ രേഖപ്പെടുത്തേണ്ടതും എല്ലാ പണമിടപാടുകളും യാതൊരു വീഴ്ചയും വരുത്താതെ അക്കൗണ്ടിൽ രേഖപ്പെടുത്തേണ്ടതാണെന്നിരിക്കെ അത്തരത്തിൽ രസീത് പ്രകാരമുള്ള വരവുതുകകൾ കൃത്യമായും പഞ്ചായത്തിൽ ഒടുക്ക് വരുത്തിയിട്ടില്ല.വിശദ വിവരം ചുവടെ ചേർക്കുന്നു.

1 .മാർക്കറ്റിന്റെ ഗേറ്റ് ഫീസിന്റെ വരവ് .

ഗ്രാമപഞ്ചായത്തിലെ 2019-20 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിന്റെ കാട്ടാക്കട പൊതുചന്തയുടെ ഗേറ്റ്ഫീസ് രസീതിന്റെ തുക അടവാക്കിയതിൽ വ്യത്യാസം വന്നിട്ടുണ്ട്.

ആകെ 786 രസീതുബുക്കുകൾ വിതരണം ചെയ്തതിൽ ഏതാനും രസീതുകൾ പരിശോധിച്ചതിൽ കണ്ട അപാകത ചുവടെ ചേർക്കുന്നു.

| രസീത് ബുക്ക് നം. | രസീത് ബുക്ക് പ്രകാരം പിരിച്ച തുക | അടവാക്കിയ തുക | വ്യത്യാസം |
|---|---|---|---|
| 754 | 5028 | 4530 | 498 |
| 756 | 2290 | 2190 | 100 |
| 757 | 6680 | 6580 | 100 |

| | | | |
|---|---|---|---|
| 759 | 4470 | 4440 | 30 |
| 763 | 4100 | 4070 | 30 |
| 744 | 5200 | 5100 | 100 |
| 741 | 1420 | 1315 | 105 |
| 719 | 3780 | 1285 | 2495 |
| 736 | 1350 | 1305 | 45 |
| 383 | 1220 | 1145 | 75 |
| 420 | 2370 | 1820 | 550 |
| 431 | 4590 | 2790 | 1800 |
| 526 | 4755 | 4635 | 120 |
| 525 | 4620 | 3825 | 795 |
| 561 | 1665 | 1635 | 30 |
| 583 | 4245 | 3520 | 725 |
| 585 | 2135 | 2105 | 30 |
| 565 | 7305 | 7245 | 60 |
| 457 | 1945 | 1810 | 135 |
| 460 | 4070 | 3600 | 470 |
| 463 | 2985 | 1460 | 1525 |
| 677 | 5120 | 4045 | 1075 |
| 680 | 3430 | 3310 | 120 |
| 625 | 3490 | 3280 | 210 |
| 241 | 3100 | 3040 | 60 |
| 654 | 2575 | 2510 | 65 |
| 733 | 2155 | 2125 | 30 |
| 247 | 1360 | 1325 | 35 |
| 509 | 2110 | 1180 | 930 |
| 484 | 1400 | 1280 | 120 |
| 414 | 3230 | 3190 | 40 |
| 592 | 1195 | 1115 | 80 |
| 560 | 3560 | 2520 | 1040 |

| | | | |
|---|---|---|---|
| 411 | 3910 | 3885 | 25 |
| 502 | 2100 | 2080 | 20 |
| 503 | 2695 | 2590 | 105 |
| 542 | 2485 | 2395 | 90 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 40 ന മറുപടി ഹാജരാക്കിയിട്ടില്ല.

എല്ലാ രസീതുകളും ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ മേൽനോട്ടത്തിൽ പരിശോധിച്ച് ഒരു മാസത്തിനുള്ളിൽ കുറവ് വന്ന തുക കണ്ടെത്തി പഞ്ചായത്ത് ഫണ്ടിൽ അടവാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

2018-19 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ മേൽ വിഷയം പരാമർശിച്ചിട്ടുണ്ടെങ്കിലും തുടർനടപടികളൊന്നും ഉണ്ടായിട്ടില്ല. വൻതുകകൾ ലേലത്തിൽ ലഭിച്ചുകൊണ്ടിരുന്ന കാട്ടാക്കട മാർക്കറ്റിന്റെ ഗേറ്റ് ഫീ പിരിവിന് കളക്ഷൻ ചാർജ്ജിന്റെ 30% കുടുംബശ്രീക്ക് വേതനമായി നൽകി വരുന്നു. രസീതുബുക്കിന്റെ അച്ചടി, മാർക്കറ്റ് നൈറ്റ് വാച്ച്മാന്റെ വേതനം ഇവയും തനതുഫണ്ടിൽ നിന്നു തന്നെയാണ്. പിരിച്ചെടുക്കുന്ന തുക പൂർണ്ണമായും പഞ്ചായത്തിൽ അടവാക്കാത്ത സാഹചര്യത്തിൽ യഥാർത്ഥ വരവിന്റെ വിവരം കണ്ടെത്തുവാൻ സാധിച്ചിട്ടില്ല. അതിനാൽ മാർക്കറ്റ് ലേലത്തിനു നൽകുന്നതിലേയ്ക്ക് പഞ്ചായത്ത് ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

Ii.പട്ടകളം ലൈബ്രറി വരവ്- കൃത്യമായി അടവാക്കുന്നില്ല

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള പട്ടകുളം തകഴി മെമ്മോറിയൽ ലൈബ്രറിയിലെ വരവ് തുക കൃത്യമായി പഞ്ചായത്തിൽ അടവാക്കുന്നില്ല. 2016 ഏപ്രിൽ മുതൽ 2021 ജനുവരി വരെയുള്ള വരവ് തുക 06.03.2021ലാണ് പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയിരിക്കുന്നത്. കൂടാതെ രസീത് പ്രകാരം പിരിക്കുന്ന തുക കൃത്യമായി നാൾവഴി രജിസ്റ്ററിൽ ചേർത്തിട്ടില്ല. രസീത് നം.469/5.11.2017 പ്രകാരം 300/- രൂപ ഡെപ്പോസിറ്റ് ഇനത്തിൽ ഈടാക്കിയിട്ടുണ്ടെങ്കിലും 100/- രൂപ മാത്രമേ നാൾവഴി രജിസ്റ്ററിൽ ചേർത്തിട്ടുള്ളൂ.

ലൈബ്രറിവരവ് പഞ്ചായത്ത്ഫണ്ടിൽ ഒടുക്കണമെന്നത് അറിവില്ലായ്മമൂലം സംഭവിച്ചതാണെന്നും, 03/21 മുതലുള്ള തുക കൃത്യമായി ഒടുക്കുന്നുണ്ടെന്നും അറിയിക്കുകയും, നാൾവഴി രജിസ്റ്ററിൽ ചേർക്കാൻ കുറവ് വന്ന 200/- രൂപ രസീത് നം. 121020104980/29.11.2021 പ്രകാരം പഞ്ചായത്ത് ഫണ്ടിൽ അടവാക്കുകയും ചെയ്യുകയുണ്ടായി.

മേൽ അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതും ലൈബ്രറി വരവ് കൃത്യമായി പഞ്ചായത്ത് അക്കൗണ്ടിൽ അടവാക്കേണ്ടതുമാണ്.

III

എ). ശ്രീ.പ്രേമനൻ.ജെയുടെ പേരിൽ ഇഷ്യൂ ചെയ്ത 10599 ,10597എന്നീ രസീത് ബുക്ക് പ്രകാരം പിരിച്ചെടുത്ത തുക കളക്ഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തി ഒടുക്കു വരുത്തിയ വിവരം ഓഡിറ്റിൽ ലഭ്യമാക്കിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ബുക്ക് നം | രസീത് നം | തുക | തീയതി |
|---|---|---|---|
| 10599 | 1 | 499 | 10/06/2019 |

| | | | |
|---|---|---|---|
| 10599 | 2 | 520 | 17/09/2019 |
| 10599 | 4 | 277 | 01/10/2019 |
| 10599 | 5 | 480 | 01/10/2019 |
| 10597 | 1 | 294 | 09/05/2019 |
| 10597 | 2 | 1092 | 09/05/2019 |
| 10597 | 3 | 342 | 09/05/2019 |
| 10597 | 4 | 374 | 09/05/2019 |
| 10597 | 5 | 1505 | 27/05/2019 |
| 10597 | 6 | 945 | 27/05/2019 |
| 10597 | 7 | 477 | 27/05/2019 |
| 10597 | 8 | 35000 | 10/06/2019 |
| | ആകെ | 41805/- | |

2. ചുവടെ ചേർക്കുന്ന കളക്ഷനുകളിൽ ബുക്ക് നമ്പർ രേഖപ്പെടുത്തിയിട്ടില്ല എന്നാൽ കളക്ഷൻ രജിസ്റ്ററിൽ രസീത് നമ്പരും തുകയും തീയതിയും രേഖപ്പെടുത്തിയിട്ടുണ്ട് കളക്ഷൻ തുക അടച്ച രേഖയില്ല.

| | | |
|---|---|---|
| 7 To 19 | 4147 | 25/11/2019- |
| 20 To 26 | 5464 | 26/11/2019 |
| 27 To 29 | 1083 | 29/11/2019 |
| ആകെ | 10694 | |

കേരള ഫിനാൻഷ്യൽ കോഡ് വാല്യം 1 ആർട്ടിക്കൾ 7, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ് )ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്തിനു വേണ്ടി സ്വീകരിച്ച എല്ലാ പണവും അതേ ദിവസം തന്നെ കൃഷ് ബുക്കിൽ രേഖപ്പെടുത്തണമെന്നും എല്ലാ പണമിടപാടുകളും യാതൊരു വീഴ്ചയും വരുത്താതെ അക്കൗണ്ടിൽ രേഖപ്പെടുത്തേണ്ടതാണെന്നിരിക്കെ അത്തരത്തിൽ രസീത് പ്രകാരമുള്ള വരവുതുകകൾ കൃത്യമായും പഞ്ചായത്തിൽ ഒടുക്ക് വരുത്തിയിട്ടില്ല. ഇതിന്റെ വിശദീകരണം ആവശ്യപ്പെട്ടു 24/11/2021- ൽ നൽകിയ ഓഡിറ്റ് എൻക്വയറി 20/2019-20 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഒടുക്ക് വരുത്താത്ത തുക പഞ്ചായത്ത് ഫണ്ടിൽ തിരിച്ചടയ്ക്കാത്ത പക്ഷം സെക്രട്ടറിയുടെ ബാദ്ധ്യതയായി കണക്കാക്കുന്നതാണ്.

## 1-11 തൊഴിൽ നികുതി - കുറവായി ഈടാക്കി

2019- '20 വർഷത്തിൽ ചുവടെ വിവരിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി കുറവായി ഈടാക്കിയിരിക്കുന്നു.
രണ്ടാം അർദ്ധവർഷം

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരന്റെ പേര്/തസ്തിക | വരുമാനം | ഈടാക്കിയ തുക | ഈടാക്കേണ്ടിയിരുന്ന തുക | കുറവ് ഈടാക്കിയ തുക |
|---|---|---|---|---|---|---|
| 01 | സോഷ്യൽ വെൽഫെയർ കോ-ഓപ്പറേറ്റിവ് സൊസൈറ്റി | ബിജുകുമാർകെ.എസ്, അറ്റൻഡർ | 1,00,572/ | 750/- | 1000/- | 250/- |
| 02 | മിനി മുത്തൂറ്റ് നിധി, പൂവച്ചൽ | രുഗ്മിണി വി.ജെ, ബ്രാഞ്ച് എക്സിക്യൂട്ടീവ് | 75,000/- | 600/- | 750/- | 150/- |
| 03 | മിനി മുത്തൂറ്റ് നിധി, പൂവച്ചൽ | വിപിൻ എം | 75,000/- | 600/- | 750/- | 150/- |
| 04 | വിശ്വദർശിനി പബ്ലിക്ക് സ്കൂൾ, ഉറിയാക്കോട് | ദിവ്യ എം.പി,ടീച്ചർ | 91,200/- | 450/- | 750/- | 300/- |
| 05 | വിശ്വദർശിനി പബ്ലിക്ക് സ്കൂൾ, ഉറിയാക്കോട് | സവിത.സി.നായർ ടീച്ചർ | 91,200/- | 450/- | 750/- | 300/- |
| 06 | വിശ്വദർശിനി പബ്ലിക്ക് സ്കൂൾ, ഉറിയാക്കോട് | റീന രാജ്.ജെ,ടീച്ചർ | 91,200/- | 450/- | 750/- | 300/- |
| 07 | വിശ്വദർശിനി പബ്ലിക്ക് സ്കൂൾ, ഉറിയാക്കോട് | ലക്ഷ്മി എസ്.ആർ, ടീച്ചർ | 91,200/- | 450/- | 750/- | 300/- |
| 08 | പോസ്റ്റൽ വകുപ്പ്, | പോസ്റ്റ് ബ്രാഞ്ച് പോസ്റ്റ് മാസ്റ്റർ | 85,446/- | 600/- | 750/- | 150/- |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | |
| 09 | പോസ്റ്റൽ വകുപ്പ്, | പോസ്റ്റ് ബ്രാഞ്ച് പോസ്റ്റ് മാസ്റ്റർ | 81,442/- | 600/- | 750/- | 150/- |
| 10 | പോസ്റ്റൽ വകുപ്പ്, | റിൻജു എസ് എസ് ബ്രാഞ്ച് പോസ്റ്റ് മാസ്റ്റർ | 81,442/- | 600/- | 750/- | 150/- |
| 11 | പോസ്റ്റൽ വകുപ്പ്, | സ്വാമി രാജ്.ജെ. ആർ ബ്രാഞ്ച് പോസ്റ്റ് മാസ്റ്റർ | 81,442/- | 600/- | 750/- | 150/- |

1984-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204, 205 (എ-കെ) വകുപ്പ് 204 അനുസരിച്ച് കൃത്യമായി തൊഴിൽ നികുതി ഈടാക്കേണ്ടിയിരുന്നു. തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് വരുത്തിയവർക്ക് നോട്ടീസ് നൽകുകയും നിയമപ്രകാരമുള്ള തൊഴിൽനികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-12 ട്രേഡേഴ്സ് ലിസ്റ്റ് - പൂർണ്ണമല്ല

പരിശോധനയ്ക്ക് നൽകിയ 2019- '20 വർഷത്തെ ട്രേഡേഴ്സ് ലിസ്റ്റ് സഞ്ചയ സോഫ്റ്റ് വെയറിൽ നിന്നും തയ്യാറാക്കിയിട്ടുള്ളതാണ്. ആയതിൽ കെട്ടിട ഉടമയുടെ പേരും, മേൽവിലാസവും, കെട്ടിട നമ്പരും മാത്രമാണ് ഉള്ളത്. അഞ്ചാം വാർഡിലെ സ്ഥാപനങ്ങൾ ട്രേഡേഴ്സ് ലിസ്റ്റിൽ ഇല്ല. കൂടാതെ, ശ്രീ.സദാശിവൻ നായർ എന്നവരുടെ കെട്ടിടത്തിന്റെ വിവരങ്ങൾ മാത്രം ആവർത്തിച്ച് നൽകിയിരിക്കുകയും ചെയ്യുന്നു. തെറ്റുകൾ തിരുത്തി എല്ലാ സ്ഥാപനങ്ങളുടെയും വിവരങ്ങൾ ഉൾക്കൊള്ളിച്ച് പുതുക്കിയ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി വരുന്നതായും, ആയത് സെക്രട്ടറി സാക്ഷ്യപ്പെടുത്തുമെന്നും ഓഡിറ്റ് അന്വേഷണത്തിന് (നം.14/21,23.11.2021) മറുപടിയായി അറിയിച്ചിട്ടുണ്ട്. ആയത് തയ്യാറാക്കി അടുത്ത ഓഡിറ്റ് വേളയിൽ ലഭ്യമാക്കേണ്ടതാണ്.

## 1-13 സ്ഥാപനങ്ങളിൽ നിന്നും കുതിരശക്തി അടിസ്ഥാനമാക്കിയ മെഷീൻ ഫീസ് വാങ്ങിയിട്ടില്ല.

2019 -2020 വർഷത്തിൽ ചുവടെ വിവരിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും കുതിരശക്തി (എച്ച്. പി.) അടിസ്ഥാനമാക്കിയ മെഷീൻ ഫീസ്/ മെഷീൻ റണിംഗ് ഫീസ് ഈടാക്കിയിട്ടില്ല.

| ക്രമ നം. | പേര് | വാർഡ് നമ്പർ | കെട്ടിട നമ്പർ | ഉപയോഗിക്കുന്ന എച്ച്.പി. | സ്ഥാപനം /ഉപയോഗം |
|---|---|---|---|---|---|
| 01 | സെൽവിൻ റോയ് ആർ | 01 | 229 | 12 | ഹോളോബ്രിക്സ് നിർമ്മാണം |
| 02 | കർമല കെ | 18 | 40 A | 10 | കാർ സർവ്വീസ് സ്റ്റേഷൻ |
| 03 | സുകുമാരൻ | 11 | 326 A | 04 | സ്റ്റീൽ |
| 04 | ഡി ശിഖാ മണി | 23 | 664 | 15 | |
| 05 | സരിത പി നായർ | 16 | 696 A | 01 | നല്ലെണ്ണ റീഫില്ലിങ്ങ് |
| 06 | സുരേഷ് കുമാർ | 05 | 153 | 5 | |
| 07 | എൻ കുഞ്ഞുരാമൻ നായർ | 03 | 312 | 38 | തടി അറുത്ത് കൊടുക്കുന്നത് |

| | | | | | |
|---|---|---|---|---|---|
| 08 | ശിഖാമണി ഡി | 21 | 600 | 05 | തടി അറുത്ത് കൊടുക്കുന്നത് |
| 09 | വി സോമശേഖരൻ നായർ | 17 | 790 | 05 | കാർ വർക്ക്ഷോപ്പ് |
| 10 | ഷീബ ബി | 17 | 939 | 5 | സർവ്വീസ് സ്റ്റേഷൻ |
| 11 | സോമശേഖരൻ നായർ | 17 | 236 | | തടി |
| 12 | പി.സജു | 2 | 43 A | | |
| 13 | ഡോ.ജെ. ഹരീന്ദ്രൻ നായർ | 02 | 99,100,101 | 08 | ആയുർവേദ മരുന്നുകളുടെ നിർമ്മാണവും വിതരണവും |
| 14 | സത്യദാസ് വൈ | 18 | 735 A | 1.5 | ബേക്കറി യൂണിറ്റ് |
| 15 | എസ് ശൈലജ | 11 | 673 | 38 | തടി മില്ല് |
| 16 | വി പുരുഷോത്തമൻ | 15 | 514 A | 40 | മര വർക്ക്ഷോപ്പ് |
| 17 | എം മോഹനൻ | 08 | 10 | 7.5 | റൈസ് ഫ്ലവർ മില്ല് |
| 18 | ചെറുപുഷ്പം | 03 | 111 | 05 | ഫ്ലവർമില്ല് |
| 19 | ബീന വി | 13 | 853 | 10 | ഹോളോബ്രിക്സ് |
| 20 | സുരേഷ് കുമാർ കെ | 10 | 470 | 30 | ബേക്കറി സാധനങ്ങൾ നിർമ്മാണം |
| 21 | പ്രകാശ് വി എസ് | 09 | 113 | 03 | ബേക്കറി സാധനങ്ങൾ നിർമ്മാണം |
| 22 | ഭുവനേന്ദ്രനാശാരി | 16 | 184 | ത്രീ ഫേസ് | വർക്ക്ഷോപ്പ് (ലോഹ പണി ) |
| 23 | മുജീബ് റഹ്മാൻ | 18 | 205 | 15 | ഫ്ലവർ മില്ല് |
| 24 | ഹരികുമാർ റ്റി.വി. | 06 | 266 A | | തടി കടച്ചിൽ കട |
| 25 | അഖില ആർ വി | 08 | 762 | 7.5 | ഫ്ലവർ മില്ല് |
| 26 | രമാദേവി ഐ | 18 | 354 | 7 | ഫ്ലവർ മില്ല് |
| 27 | എം.ബിജുകുമാർ | 14 | 532 | 3.5 | റൈസ് മില്ല് |
| 28 | സാറാ എസ് | 10 | 462 | 01 | സിമന്റ് ഡോർ & വിൻഡോ ഫ്രേം നിർമ്മാണം |
| 29 | ജോഷി പി.ജെ | - | 5/3459 | വൈദ്യുതി 220 വാട്ട് | കണ്ണട വിൽപ്പന |
| 30 | ജയചന്ദ്രൻ എ | 4 | 270 | 15 | ഫർണീച്ചർ നിർമ്മാണം |
| 31 | കൃഷ്ണകുമാർ | 9 | 693 | 1 | എഞ്ചിനീയറിംഗ് വർക്ക്സ് |
| 32 | ദീപ കുമാരി എസ് | 17 | 185 | 10 | വർക്ക്ഷോപ്പ് |
| 33 | വിനീത കുമാരി ആർ & മുജീബ് എസ് | 4 | 676 | 0.75 X 04 | പെട്രോൾ, ഡീസൽ, ലൂബ്രിക്കന്റ് ഓയിൽ വിൽപ്പന |
| 34 | എസ്.ശൈലജ | 11 | 673 | 37 | സാമില്ല് |
| 35 | ബി. സരോജം | 9 | 1 | 5 | പെട്രോൾ പമ്പ് |
| 36 | പ്രമോദ് ആർ | 22 | 520 B | 4.5 | വെൽഡിങ്ങ് ഷോപ്പ് |
| 37 | അരുൺ കുമാർ എസ്.ആർ | 13 | 238 A | 2 | ഡയറി ഫാമിങ്ങ് |

| | | | | | |
|---|---|---|---|---|---|
| 38 | രഞ്ജിത്ത് ആനന്ദ് സി.ആർ | 18 | 779 | ഇലക്ട്രിസിറ്റി | വെൽഡിങ്ങ് |

ഈ വിഷയത്തിന്മേലേ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (10/2021,22.11.2021 ) മറുപടിയായി മെഷീൻഫീസ് ഈടാക്കാത്ത ലൈസൻസികളുടെ പക്കൽ നിന്നും ആയത് ഈടാക്കുന്നതിനായി നോട്ടീസ് നൽകിയതായി അറിയിച്ചിട്ടുണ്ട്. 2019 - '20 വർഷത്തിൽ അനുവദിച്ച ലൈസൻസ് അപേക്ഷകൾ മുഴുവനും പരിശോധിച്ച് റണ്ണിംഗ് ഫീസ് ഈടാക്കാത്ത ലൈസൻസികളിൽ നിന്നും ആയത് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-14 കെട്ടിട നികുതി - കുടിശ്ശിക 719326/- രൂപ പിരിച്ചെടുക്കേണ്ടതാണ്.

സഞ്ചയ അരിയർ ഡിമാന്റ് രജിസ്റ്റർ പ്രകാരം 2019 - '20 വർഷത്തിൽ പൂവച്ചൽ ഗ്രാമ പഞ്ചായത്തിൽ കെട്ടിട നികുതിയിനത്തിൽ ചുവടെ വിവരിക്കുന്ന പ്രകാരം തുകകൾ കിട്ടുന്നതിന് കുടിശ്ശികയുണ്ട്.

| ക്രമ നമ്പർ | വാർഡിന്റെ പേര് | തുക |
|---|---|---|
| 01 | കൊണ്ണിയൂർ | 80135 |
| 02 | ഉണ്ടപ്പാറ | 20505 |
| 03 | ആലമുക്ക് | 27446 |
| 04 | കുളക്കാട് | 36749 |

| | | |
|---|---|---|
| 05 | പുളിക്കോട് | 54592 |
| 06 | കോവിൽ വിള | 7903 |
| 07 | ഏലക്കോട് | 21662 |
| 08 | പന്നിയോട് | 15596 |
| 09 | കല്ലമം | 30361 |
| 10 | പട്ടക്കുളം | 15756 |
| 11 | വീരണക്കാവ് | 20228 |
| 12 | ചൈക്കുളം | 6377 |
| 13 | മൈലോട്ടുമുഴി | 65132 |
| 14 | ആനക്കോട് | 28234 |
| 15 | മുണ്ടുക്കോണം | 22206 |
| 16 | മുതിയവിള | 33477 |
| 17 | തോട്ടപ്പാറ | 43276 |
| 18 | മാർക്കറ്റ് | 21233 |
| 19 | ചാമവിള | 43511 |
| 20 | കാരിയംകോട് | 22222 |
| 21 | പൊന്നെടുത്തക്കുഴി | 23386 |
| 22 | പൂവച്ചൽ | 46748 |
| 23 | കാപ്പിക്കാട് | 32591 |
| ആകെ | | 719326 |

തനതുവരുമാനത്തിന്റെ മുഖ്യ ഉറവിടമായ കെട്ടിടനികുതി കൃത്യമായി പിരിച്ചെടുക്കുന്നതിൽ അധികൃതർ ജാഗ്രത പുലർത്തേണ്ടതാണ്.

## 1-15 എ.സി.ഡി.എസ് സൂപ്പർവൈസർ നിർവഹണം നടത്തിയ പദ്ധതികൾ

1.അംഗൻവാടികളുടെ ഭൗതികസാഹചര്യം മെച്ചപ്പെടുത്തേണ്ടതാണ് .

02.06.2017 ലെ സർക്കാർ ഉത്തരവ് നം. 1830/2017/തസ്വഭവ ഖണ്ഡിക 3.2.1, 3.2.2, 3.2.3, 3.4.2., 3.4.3. എന്നിവ അനുശാസിക്കും പ്രകാരമുള്ള സൗകര്യങ്ങൾ നടപ്പിലാക്കേണ്ടത് പഞ്ചായത്തിന്റെ ഭാഗത്ത് നിന്നാണ്. എന്നാൽ ഗ്രാമപഞ്ചായത്തിലെ 43 അംഗൻവാടികളുടെ സൗകര്യങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 7/2019-20 നുള്ള മറുപടിയിൽ ലഭ്യമാക്കിയ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഭൗതിക സാഹചര്യം | എണ്ണം |
|---|---|---|
| 1 | സ്വന്തമായി കെട്ടിടം ഇല്ലാത്തവ | 14 |
| 2 | വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്നവ | 14 |
| 3 | സ്വന്തമായി സ്ഥലം ഉണ്ടായിട്ടും കെട്ടിടം ഇല്ലാത്തവ | 1 |
| 4 | ചുറ്റുമതിൽ ഇല്ലാത്തവ | 7 |
| 5 | ഓട്ടോമാറ്റിക് ഗേറ്റ് ഇല്ലാത്തവ | 43 |

| | | |
|---|---|---|
| 6 | റോഡിന് സമീപത്ത് അല്ലാത്തവ | 15 |
| 7 | കളിസ്ഥലം ഇല്ലാത്തവ | 25 |
| 8 | മൂന്ന മുറിയെങ്കിലും ഇല്ലാത്തവ | 12 |
| 9 | ഭിന്നശേഷിക്കാർക്കായി റാമ്പ് ഇല്ലാത്തവ | 43 |
| 10 | ശിശു സൗഹൃദ പെയിന്റിംഗ് ഇല്ലാത്തവ | 31 |
| 11 | ശിശു സൗഹൃദ ശുചിമുറി ഇല്ലാത്തവ | 31 |
| 12 | വൈദ്യുതി ഇല്ലാത്തവ | 3 |
| 13 | Baby Weighing Machine/ Salter Scale/ Platform Weighing Scale | 43 |
| 14 | സൂപ്പർവൈസറുടെ ഫോൺനമ്പറോട്ടുകൂടിയ നെയിം ബോർഡില്ലാത്തവ | 43 |
| 15 | ഓരോ കുട്ടിക്കും ബേബി ചെയറും മേശയും ഇല്ലാത്തവ | 43 |
| 16 | കുടിവെള്ള സൗകര്യം, ജലസംഭരണി എന്നിവ ഇല്ലാത്തവ | 2 |
| 17 | നോട്ടീസ് ബോർഡ് ഇല്ലാത്തവ | 43 |
| 18 | പരാതിപ്പെട്ടി ഇല്ലാത്തവ | 43 |

മാർഗരേഖ അനുശാസിക്കുന്ന വിധത്തിലുള്ള സൗകര്യങ്ങൾ ചെയ്തു കൊടുക്കുന്നതിലേയ്ക്ക് തുക വകയിരുത്തി ചെലവ് ചെയ്യുന്നതിനായി ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

2.സ്റ്റോക്ക് രജിസ്റ്റർ -അപാകതകൾ

| | |
|---|---|
| പ്രോജക്റ്റ് നം./പേര് | 12/ അംഗൻവാടി പോഷകാഹാര പരിപാടി |
| അടങ്കൽ | 4100000 (വികസ ഫണ്ട്,കേന്ദ്രാവിഷ്കൃത ഫണ്ട്) |
| ചെലവ് | 3060855 (വികസ ഫണ്ട്,കേന്ദ്രാവിഷ്കൃത ഫണ്ട്) |
| നിർവഹണോദ്യോഗസ്ഥ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |

മേൽ പദ്ധതി പ്രകാരം 43 അംഗൻവാടികൾക്ക് ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്തതിന്റെ രേഖകൾ പരിശോധിച്ചതിൽ അംഗൻവാടി വർക്കർമാരുടെ
സ്റ്റോക്ക് രജിസ്റ്ററും സൂപ്പർവൈസറുടെ മെയിൻ സ്റ്റോക്ക് രജിസ്റ്ററും തമ്മിൽ ചുവടെ ചേർക്കുന്ന വ്യത്യാസമുള്ളതായി കണ്ടെത്തി.

| അംഗൻവാടി നം. | തീയതി | ഇനം | മെയിൻ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം | വർക്കർമാരുടെ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം |
|---|---|---|---|---|
| 76 | 4.10.2019 | അരി | 50 Kg | 30 Kg |
| | 14.02.2020 | പാൽപ്പൊടി | 8 | 4 Kg |
| | 25.02.2020 | ശർക്കര | 5 Kg | ഇല്ല |
| 87 | 28.05.2019 | എണ്ണ | 8 Packet | 5 Packet |
| | 4.01.2020 | എണ്ണ | 7packet | 6 Packet |
| | 4.01.2020 | അരി | 10 Kg | ഇല്ല |
| 100 | 14.02.2020 | പാൽപ്പൊടി | 8 | 5 കവർ |

| | | | | |
|---|---|---|---|---|
| | 12/2019 | കപ്പലണ്ടി | 10 Kg | 8 Kg |
| | 12/2019 | ശർക്കര | 20 Kg | ഇല്ല. |
| 71 | 12/2019 | ശർക്കര | 20 Kg | 10 Kg |
| | 12/2019 | പയർ | 10 Kg | 5 Kg |
| 109 | 25.02.2020 | ശർക്കര | 5 Kg | 10 Kg |

ഇരു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 7/19-20 നുള്ള മറുപടിയിൽ ഭക്ഷ്യധാന്യങ്ങൾ ഇറക്കിയ വേളയിൽ ഡബിൾ എൻട്രി വന്നതാണെന്നും വർക്കർമാർ തുക തെറ്റായി എഴുതിയതാണെന്നും വിശദീകരിച്ചിട്ടുണ്ട്.ഭാവിയിൽ ഭക്ഷ്യധാന്യങ്ങൾ ഇറക്കുമ്പോൾ അംഗൻവാടി വർക്കർമാർ കൃത്യമായുള്ള അളവുകൾ രേഖപ്പെടുത്തുന്നുണ്ടോയെന്നത് സൂപ്പർവൈസറുടെ മേൽനോട്ടത്തിൽ പരിശോധിക്കേണ്ടതാണ്. കൂടാതെ അളവ് രേഖപ്പെടുത്തുമ്പോൾ ആതിന്റെ യൂണിറ്റ് ഏകീകൃതമായിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. ഭക്ഷ്യധാന്യങ്ങൾ

ഇറക്കുമ്പോൾ ആയതിന്റെ തീയതികളിലും വ്യത്യാസം വന്നിട്ടുണ്ട്. ആയതും ഏകീകൃതമായിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-16 പൗരാവകാശ രേഖ പുതുക്കിയിട്ടില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് വകുപ്പ് 272 (എ ) പ്രകാരം പൂവച്ചൽ ഗ്രാമപഞ്ചായത്ത് പൗരാവകാശരേഖ രേഖ തയ്യാറാക്കി പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. പഞ്ചായത്ത് ഭരണസമിതി അധികാരത്തിലേറിയത് 2016 നവംമ്പർ മാസത്തിലാണ്.

2004 ലെ കേരള പഞ്ചായത്ത് രാജ് (പൗരാവകാശ രേഖ തയ്യാറാക്കൽ ) ചട്ടങ്ങളിലെ മൂന്നാം ചട്ടത്തിൽ - പൊതുതെരഞ്ഞെടുപ്പ് കഴിഞ്ഞ് ഒരു പഞ്ചായത്ത് ഭരണസമിതി രൂപീകരിക്കപ്പെട്ടാൽ കഴിയുന്നതും നേരത്തെ, എന്നാൽ ആറ് മാസത്തിൽ കവിയാത്ത കാലയളവിനുള്ളിൽ ഒരു പൗരാവകാശരേഖ തയ്യാറാക്കി പ്രസിദ്ധപ്പെടുത്തേണ്ടതാണ് എന്ന് വ്യവസ്ഥ ചെയ്യുന്നു.മേൽ ചട്ടങ്ങളിലെ മൂന്നാം ചട്ടപ്രകാരം രൂപികരിച്ചതും നാലാം ചട്ടപ്രകാരം പ്രസിദ്ധീകരിച്ചതുമായ പൗരാവകാശരേഖ വർഷത്തിലൊരിക്കൽ ഗ്രാമപഞ്ചായത്ത് ചർച്ചചെയ്ത് പുതുക്കുകയും കാലാനുസൃതമാക്കുകയും ചെയ്യേണ്ടതുമാണ് എന്ന് ഈ ചട്ടങ്ങളിലെ ചട്ടം 9 ൽ വ്യക്തമാക്കിയിട്ടുണ്ട്.

എന്നാൽ പഞ്ചായത്ത് 2017 ജനുവരി മാസത്തിൽ അച്ചടിച്ച് പ്രസിദ്ധപ്പെടുത്തിയ പൗരാവകാശരേഖ പിന്നീട് പുതുക്കിയിട്ടില്ല.

പുതിയ ഭരണസമിതി നിലവിൽ വന്നത് 2020 ഡിസംബർ മാസത്തിലാണ്.എന്നാൽ നാളിതുവരെയായും പുതുക്കിയ പൗരാവകാശ രേഖ പ്രസിദ്ധീകരിച്ചിട്ടില്ല.

ഇരു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 1/19-20 നുള്ള മറുപടിയിൽ ഓഡിറ്റ് നടന്ന സമയത്ത് നടന്ന ഭരണസമിതിയോഗത്തിൽ (27.11.2021)പൗരാവകാശ രേഖ പ്രസിദ്ധീകരിക്കുന്നതിനു നടപടി സ്വീകരിക്കാമെന്നു അറിയിച്ചിരിക്കുന്നു.

ചട്ടത്തിൽ വ്യവസ്ഥ ചെയ്ത പ്രകാരം പൗരാവകാശ രേഖ പുതുക്കുവാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-17 ലൈഫ് ഭവന പദ്ധതി - യഥാസമയം പദ്ധതി പൂർത്തീകരിച്ചിട്ടില്ല.

| | |
|---|---|
| പ്രോജക്ട് നം. | 20/19-20 |
| പേര് | ലൈഫ് ഭവന പദ്ധതി (ജനറൽ) |
| അടങ്കൽ | 106816489 |

| | |
|---|---|
| ചെലവ് | 40679125 |
| നിർവഹണഉദ്യോഗസ്ഥൻ | വി.ഇ.ഒ |

സംസ്ഥാനത്തെ എല്ലാ ഭവനരഹിതർക്കും ഭൂരഹിത-ഭവനരഹിതർക്കും ഭവന നിർമ്മാണം പൂർത്തിയാക്കാത്തവർക്കും നിലവിലുള്ള ഭവനം വാസയോഗ്യമല്ലാത്തവർക്കും സുരക്ഷിതവും മാന്യവുമായ പാർപ്പിട സംവിധാനം ഒരുക്കുക എന്നതാണ് സമ്പൂർണ പാർപ്പിട സുരക്ഷാ പദ്ധതി (ലൈഫ്) യുടെ ലക്ഷ്യം.

ഭൂമിയുള്ള ഭവനരഹിതർ, ഭൂമിയില്ലാത്ത ഭവനരഹിതർ, ഭവനനിർമ്മാണം പൂർത്തിയാക്കാത്തവർ/ വാസയോഗ്യമല്ലാത്ത ഭവനം ഉള്ളവർ; പുറമ്പോക്കിലോ, തീരദേശ മേഖലയിലോ, തോട്ടം മേഖലയിലോ താൽക്കാലിക ഭവനമുള്ളവർ എന്നിവരാണ് പദ്ധതിയുടെ ഗുണഭോക്താക്കൾ. സ.ഉ(എം.എസ്) നം.151/2017/തസ്വഭവ തിയതി 31-7-2017 പ്രകാരം ലൈഫ് മിഷൻ സമ്പൂർണ്ണ പാർപ്പിട പദ്ധതിയുടെ മാർഗ്ഗരേഖ അംഗീകരിച്ചിട്ടുണ്ട്.

ലൈഫ് മിഷൻ പാർപ്പിട സുരക്ഷ പദ്ധതി (ജനറൽ, എസ്.സി.പി & ടി.എസ്.പി) പ്രകാരമുള്ള ഗുണഭോക്താക്കൾ നിർവ്വഹണ ഉദ്യോഗസ്ഥനുമായി ചമച്ച കരാറിലെ ഖണ്ഡിക 4 പ്രകാരം 6 മാസത്തിനകം ഭവനനിർമ്മാണം പൂർത്തിയാക്കുന്നതാണെന്നും ഖണ്ഡിക 7 പ്രകാരം സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവൃത്തി പൂർത്തിയാക്കുമെന്നും അല്ലാത്തപക്ഷം കൈപ്പറ്റിയ തുക 12% പലിശ സഹിതം തിരികെ നൽകാൻ ബാധ്യസ്ഥനാണെന്നും സമ്മതിച്ചിട്ടുണ്ട്.

പൂവച്ചൽ ഗ്രാമപഞ്ചായത്തിലെ വാർഡ് നം 12 ലെ ഉഷ,വടക്കേവിളാകം ,റോഡരികത്ത് വീട്,പൂന്നാംകരിയ്ക്കം എന്ന വ്യക്തി 05.09.2019 ൽ 40000/- രൂപ കൈപ്പറ്റിയെങ്കിലും നാളിതുവരെയായി പണി ആരംഭിച്ചിട്ടില്ല.

ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറി നം 30 നുള്ള മറുപടിയിൽ ടി വ്യക്തിയുടെ ഭവനം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിരിക്കുന്നു.

ഭവനപദ്ധതി എത്രയും വേഗം പൂർത്തികരിക്കുകയോ അല്ലാത്ത പക്ഷം പലിശ സഹിതം തിരികെ അടവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-18 ആയുർവേദ മരുന്ന് - കാലഹരണ തീയതി കഴിഞ്ഞ് വിതരണം ചെയ്തു

പദ്ധതി നമ്പർ 105

പദ്ധതിയുടെ പേര് ആയുർവേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ

അടങ്കൽ തുക 18,00,000/-

ചെലവ് തുക 18,00,000/-

ബിൽ നമ്പർ, തീയതി 1/19.09.2019

സി 117175 എന്ന ബാച്ചിൽപ്പെട്ട 'പത്ഥ്യാദി കഷായ ചൂർണ്ണം' 50 ഗ്രാം ഇൻവോയ്സ് നമ്പർ 90142753 തീയതി പ്രകാരം പതിനൊന്നെണ്ണം വാങ്ങി (132/- രൂപ) സ്റ്റോക്കിലെടുത്തിട്ടുണ്ട്. ഈ മരുന്നിന്റെ കാലഹരണ തീയതി മാർച്ച് 2020 ആണ്. എന്നാൽ സബ് സ്റ്റോക്ക് (പേജ് 98) പ്രകാരം ഈ മരുന്ന് 07.09.2020 വരെ വിതരണം ചെയ്തിട്ടുണ്ട്. മരുന്ന് കാലഹരണ തീയതി കഴിഞ്ഞ് വിതരണം ചെയ്യാനുണ്ടായ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (02/2021) മറുപടിയായി ഇൻവോയ്സിൽ കാലഹരണ തീയതി രേഖപ്പെടുത്തിയപ്പോൾ സംഭവിച്ച

പിഴവായിട്ടാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചിരിക്കുന്നത്. എന്നാൽ ഔഷധിയിൽ നിന്നും ലഭിച്ച മറുപടിയിൽ കാലഹരണ തീയതിയിൽ വന്ന പിശകിനെ പറ്റിയല്ല മറിച്ച് ഉല്പാദന തീയതിയിൽ സംഭവിച്ച സാങ്കേതിക പിഴവായാണ് അറിയിച്ചിരിക്കുന്നത്. ഈ മറുപടി ഓഡിറ്റ് അംഗീകരിക്കുന്നില്ല. അതീവ ജാഗ്രത പുലർത്തേണ്ട ഈ വിഷയത്തിൽ, വിതരണത്തിനായി ലഭിക്കുന്ന മരുന്നുകൾ കാലഹരണ തീയതി നോക്കി സ്റ്റോക്കിലെടുക്കേണ്ടതും, അവ കാലഹരണ തീയതിയ്ക്കുള്ളിൽ തന്നെ വിതരണം ചെയ്തുവെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പാക്കേണ്ടതുമാണ്.

## 1-19 അനിമൽ ബർത്ത് കൺട്രോൾ പ്രോഗ്രാം - രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല - 2,10,000 രൂപ തടസ്സപ്പെടുത്തുന്നു

പദ്ധതി നമ്പർ :14
പദ്ധതിയുടെ പേര് : അനിമൽ ബർത്ത് കൺട്രോൾ പ്രോഗ്രാം
അടങ്കൽ തുക :2,10,000/-
ചെലവ് തുക : 2,10,000/-
ബിൽ നമ്പർ, തീയതി : GP1/19-20, 24.02.2019
മേൽ പദ്ധതിയുമായി ബന്ധപ്പെട്ട് ചുവടെ വിവരിക്കുന്ന രേഖകൾ ലഭ്യമാക്കിയില്ല. (എ.ബി.സി പ്രോഗ്രാമിൽ നിഷ്കർഷിച്ചിരിക്കുന്ന സ്റ്റെറിലൈസേഷൻ, ആന്റിറാബിസ് വാക്സിൻ, ആർ.എഫ്.ഡി കോളർ സ്ഥാപിക്കൽ Deworming എന്നീ ചെലവുകൾ ചെയ്തതിന്റെ രേഖകൾ).
1. തെരുവ് നായകൾക്ക് അഞ്ച് ദിവസം ഭക്ഷണം കൊടുത്തതിന്റെ ചെലവ് രേഖകൾ.
2. തെരുവ് നായകൾക്ക് മരുന്നുകൾ വാങ്ങി നൽകിയതിന്റെ ചെലവ് രേഖകൾ.
3. നായകളുടെ ട്രാൻസ്പോർട്ടേഷൻ ചെലവുകൾ സംബന്ധിച്ച വൗച്ചറുകൾ എന്നിവ ലഭ്യമായിട്ടില്ല.
വിശദീകരണമാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 31/25.11.2021) മറുപടി ലഭ്യമാക്കിയില്ല.
ആയതിനാൽ തെരുവ് നായ നിയന്ത്രണ പരിപാടിയുടെ നിർവ്വഹണം സംബന്ധിച്ച് വ്യക്തതയില്ല. വിശദമായ റിപ്പോർട്ട് പ്രസ്തുത രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്. ആയതുവരെ ചെലവു തുക തടസ്സപ്പെടുത്തുന്നു.

## 1-20 ആയൂർവേദ മരുന്നുകൾ -വിതരണത്തിൽ കാലതാമസം

പദ്ധതി നമ്പർ 105

പദ്ധതിയുടെ പേര് ആയുർവേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ

അടങ്കൽ തുക 18,00,000/-

ചെലവ് തുക 18,00,000/-

ബിൽ നമ്പർ, തീയതി 1/19.09.2019

ചുവടെ വിവരിക്കും പ്രകാരമാണ് മരുന്നുകൾ ലഭ്യമായിട്ടുള്ളത്.

| ക്രമ നം. | ബിൽ നം. | തീയതി | മരുന്നുകൾ ലഭ്യമായ തീയതി | തുക |
|---|---|---|---|---|
| 01 | 90141951 | 30.11.2019 | 12.12.2019 | 8,20,177/- |
| 02 | 90142753 | 06.12.2019 | 07.12.2019 | 4,85,772/- |
| 03 | 90157612 | 24.03.2020 | 23.04.2020 | 4,21,735/- |
| 04 | 90158644 | 30.03.2020 | 23.04.2020 | 26,656/- |
| 05 | 90167185 | 29.06.2020 | 11.07.2020 | 31,747/- |
| 06 | 90173087 | 29.07.2020 | 04.08.2020 | 13,913/- |
| ആകെ | | | | 18,00,000/ - |

മരുന്നുകൾ 11 മാസം വൈകിയാണ് ലഭ്യമായിട്ടുള്ളത്. എന്നാൽ ഔഷധിയുമായി ഏർപ്പെട്ട കരാറിലെ ആദ്യ നിബന്ധന പ്രകാരം വില നൽകി അറുപത് ദിവസത്തിനകം മരുന്നുകൾ ലഭ്യമാക്കുമെന്ന് അറിയിച്ചിരുന്നു. കരാർ ലംഘിച്ച് മരുന്നുകൾ വൈകി വിതരണം ചെയ്ത ഔഷധിക്കെതിരെ സ്വീകരിച്ച നടപടി അറിയിക്കുവാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( 2/2021, 20.11.2021) മറുപടിയായി മരുന്ന് വിതരണത്തിൽ കാലതാമസം വന്നതിന്റെ പൂർണ

ഉത്തരവാദിത്വം ഏറ്റെടുക്കുന്നതായാണ് അറിയിച്ചിരിക്കുന്നത്. ഭാവിയിൽ ഇത്തരം കാലതാമസം ഒഴിവാക്കാൻ ശ്രമിക്കുമെന്നും അറിയിച്ചിട്ടുണ്ട്. ജീവൻ രക്ഷാ മരുന്നുകൾ കരാറിൽ പറഞ്ഞിരിക്കുന്ന തീയതിയ്ക്കുള്ളിൽ തന്നെ വിതരണം ചെയ്യേണ്ടതും, കരാർ ലംഘനം സംഭവിക്കുന്ന പക്ഷം മരുന്ന് വിതരണക്കാർക്കെതിരെ നിർവ്വഹണ ഉദ്യോഗസ്ഥൻ നിയമ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-21 മൃഗാശുപത്രിക്ക് മരുന്ന് വാങ്ങൽ - മരുന്നുകൾ കാലഹരണ തീയതിക്ക് ശേഷവും വിതരണം ചെയ്തു

പദ്ധതി നമ്പർ:15

പദ്ധതിയുടെ പേര്: മൃഗാശുപത്രിക്ക് മരുന്ന് വാങ്ങൽ

അടങ്കൽ തുക:4,00,000/-

ചെലവ് തുക:3,99,867/-

ബിൽ നമ്പർ തീയതി: GP2/19-201,59,351/-19.12.2020

GP3/19-20 1,86,862/- 19.12.2020

GP6/19-20 53,654/- 13.02.2020

ചുവടെ വിവരിക്കുന്ന മരുന്നുകൾ അവയുടെ കാലഹരണ തീയതിക്ക് ശേഷവും വിതരണം ചെയ്തു

| ക്രമ നം. | മരുന്നിന്റെ പേര് | ബാച്ച് നമ്പർ | കാലഹരണ തീയതി | വിതരണം ചെയ്ത തീയതി |
|---|---|---|---|---|
| 01 | NILBERY INJ 30 ML | 181119 | 06/2020 | 06.08.2020 |
| 02 | INEROL INJ 10 ML | X 52040 | 04/2020 | 05.06.2020 |
| 03 | NEOMEC ORAL SOLN | F 11812 | 04/2020 | 21.10.2020 |
| 04 | D'MAG SPRAY 100 ML | B 24019 | 08/2020 | 09.10.2020 |
| 05 | VETADE INJ 10 ML | VDIR1818 | 02/2020 | 21.07.2020 |

ഈ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമായിട്ടില്ല. അതീവ ജാഗ്രത പുലർത്തേണ്ട ഈ വിഷയത്തിൽ, വിതരണത്തിനായി ലഭിക്കുന്ന മരുന്നുകൾ കാലഹരണ തീയതി നോക്കി സ്റ്റോക്കിലെടുക്കേണ്ടതും,അവ കാലഹരണ തീയതിയ്ക്കുള്ളിൽ തന്നെ വിതരണം ചെയ്തുവെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പാക്കേണ്ടതുമാണ്.

## 1-22 ഗുണഭോക്തൃസമിതി മുഖേന നടപ്പാക്കിയ മരാമത്ത് പ്രവൃത്തികൾ- അപാകതകൾ

(1) വാറ്റ് ഇനത്തിൽ കുറവ് ചെയ്യേണ്ട തുക കുറവ് ചെയ്തില്ല

സർക്കാർ ഉത്തരവ്, ജി.ഒ.(പി)നം.30/2016ധന. തീയതി 29/02/2016, പ്രകാരം ഗുണഭോക്തൃസമിതി നിർവഹിക്കുന്ന മരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റുകൾ തയ്യാറാക്കുമ്പോൾ 7.5% ഓവർഹെഡ് ചാർജ് അനുവദിക്കാമെന്നും എന്നാൽ വർക്ക്ബില്ലുകളിൽ നിന്നും ഈടാക്കുന്ന അനുവദനീയമായ നികുതികൾ ഗുണഭോക്തൃസമിതി തന്നെ വഹിക്കണമെന്നും വ്യക്തമാക്കുന്നുണ്ട്. 01.01.2017മുതൽ VAT നിലവിലില്ലാത്ത സാഹചര്യത്തിലും കൺവീനർമാർ ജി.എസ്.റ്റി.ഒടുക്കു വരുത്താത്ത സാഹചര്യത്തിലും 5% തുക കുറവ് ചെയ്ത് ബില്ല് നൽകിയാൽ മതിയാവുന്നതാണെന്ന് ഡിബി 9058/17സി.ഇ/ത.സ്വ.ഭ.വ.തീയതി16.03.2018 പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ അസി. എൻജിനീയർ നിർവ്വഹണോദ്യോഗസ്ഥനായ ഗുണഭോക്തൃസമിതി മുഖേന നിർവഹിച്ച ചുവടെ ചേർക്കുന്ന പ്രവൃത്തികളിൽ ആകെ പ്രവൃത്തിമൂല്യത്തിൽ നിന്നും 5% തുക കുറവ് ചെയ്തിട്ടില്ല.

| ക്രമ നം. | പ്രോജക്ട് നം. | കൺവീനർ | എം.ബുക്ക് നമ്പർ | അടങ്കൽ | ചെലവ്, ബിൽ നം. | ആകെ പ്രവൃത്തി മൂല്യം | കൺവീനർക്ക് നൽകേണ്ട തുകയിൽ നിന്നും കുറവ് ചെയ്യേണ്ടിയിരുന്ന തുക (ആകെ പ്രവൃത്തി മൂല്യത്തിന്റെ 5%) |
|---|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| 1 | 174/20 (തോട്ടമ്പാറ ഗവ. എൽ.പി.സ്കൂൾ മെയിന്റനൻസ്) | ശ്രീമതി.സി.ബി. അജിത (എച്ച്.എം) | 809/17-18 | 700000 (മെയിന്റനൻസ് (നോൺറോഡ്) | 201995 (Bill No. 5/29.4.2019) [2018-19 ൽ 400000/- രൂപ ചെലവ് വന്നിട്ടുണ്ട്] | 601995 | 30100 |
| 2 | 19720 (പാറക്കാണി പൂന്തിനകരിക്കകം ശാരോൺമുഖം റോഡ് സൈഡ് വാൾ) | ശ്രീമതി.കല | 182/19-20 | 50000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | 45743 (Bill No. 32/18.01.2020) | 45743 | 2287 |

ഗുണഭോക്തൃസമിതി മുഖേന നടപ്പാക്കുന്ന പ്രവൃത്തികളിൽ ഇത്തരത്തിൽ നികുതി ഈടാക്കണമെന്നത് പ്രസ്തുത കാലയളവിൽ ശ്രദ്ധയിൽപ്പെട്ടിട്ടില്ലായെന്നും, നിലവിൽ ആയത് ഈടാക്കുന്നുണ്ടെന്നും മറുപടി നൽകുകയുണ്ടായി.

(2) ഗുണഭോക്തൃസമിതി മുഖേന നടപ്പാക്കിയ തോട്ടമ്പാറ ഗവ. എൽ.പി.സ്കൂൾ മെയിന്റനൻസ് (പ്രോജക്ട് നം.174/20) എന്ന പ്രവൃത്തിഫയലിൽ അനുബന്ധ വൌച്ചറുകൾ, തൊഴിലാളികളുടെ മസ്റ്റർറോൾ എന്നിവ സൂക്ഷിച്ചിട്ടില്ല. പ്രസ്തുത രേഖകൾ സ്കൂൾഅധികൃതരാണ് സൂക്ഷിച്ചിരിക്കുന്നതെന്നും, എത്രയുംപെട്ടെന്ന് ഫയലിൽ ഉൾക്കൊള്ളിക്കുന്നതാണെന്നും മറുപടി നൽകി.

രേഖകൾ ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതും, ഗുണഭോക്തൃസമിതി മുഖേന നടപ്പാക്കുന്ന പ്രവൃത്തികളിൽ 13.11.2014 ലെ 1/1559/2010/സി.ഇ/ത.സ്വ.ഭ.വ നം. സർക്കുലറിലെ നിർദ്ദേശം പാലിക്കേണ്ടതുമാണ്.

## 1-23 കരാറുകാരിൽ നിന്ന് ഈടാക്കേണ്ട തുക - ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് ഈടാക്കി

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് തുക+ (ക്യൂ ബിൽ) | നീക്കിയിരിപ്പ് / ലാപ്സായ തുക |
|---|---|---|---|---|---|
| വികസനഫണ്ട്(ജനറൽ) | 0 | 25896012 | 25896012 | 24690249+ (1205000) | 763 |
| വികസനഫണ്ട് (എസ്.സി.പി) | 0 | 9107824 | 9107824 | 4115833+ (1748500) | 3243491 |
| വികസനഫണ്ട്(ടി.എസ്.പി) | 0 | 662294 | 662294 | 546454+ (75000) | 40840 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Untied) | 0 | 23458783 | 23458783 | 8175750+ (7073013) | 8210020 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 0 | 9701000 | 9701000 | 2910527+ (2172850) | 4617623 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം | 0 | 7308000 | 7308000 | 5072934+ (206219) | 2028847 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് (ഇനം തിരിച്ച്) | | | | | |
| ലൈബ്രറി ഗ്രാന്റ് | 54368 | 29190 | 83558 | 29190 | 54368 |
| ശുചിത്വ മിഷൻ ഗ്രാന്റ് | 2362446 | 1116000 | 3478446 | 2726005 | 752441 |
| കേന്ദ്രാവിഷ്കൃത ഫണ്ട് (ഇനം തിരിച്ച്) | | | | | |

| | | | | | |
|---|---|---|---|---|---|
| ICDS | 1331079 | 1198689 | 2529768 | 864267 | 1665501 |

നോട്ട് : ഗ്രാന്റുകളുടെ ചെലവ് ACR,ക്യാ ബിൽ എന്നിവ ഉൾപ്പടെയുള്ള തുകയാണ് കാണിച്ചിരിക്കുന്നത്.

അപാകതകൾ

2019-20 സാമ്പത്തിക വർഷത്തെ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് ,വാർഷിക ധനകാര്യപത്രിക,അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ (എ.സി.ആർ) എന്നിവ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. ചെലവ് തുകയിൽ വ്യത്യാസം

| ഇനം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം (ചെലവ് ) | വാർഷിക ധനകാര്യപത്രിക/ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം (ചെലവ് ) | വ്യത്യാസം |
|---|---|---|---|
| വികസന ഫണ്ട്(ജനറൽ) | 29480237 | 24690249 | 4789988 |
| വികസന ഫണ്ട്(എസ്.സി.പി) | 4307009 | 4115833 | 191176 |
| വികസന ഫണ്ട്(ടി.എസ്.പി) | 561160 | 546454 | 14706 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 3 നുള്ള മറുപടിയിൽ ലൈഫ് ഭവന പദ്ധതിയുടെയും അംഗൻവാടി വിഹിതത്തിന്റെയും തുകകൾ ഉറവിടത്തിൽ നിന്നും കുറവ് ചെയ്യുന്നതിനാലാണ് പ്രസ്തുത വ്യത്യാസം വരുന്നതെന്ന് അറിയിച്ചിരിക്കുന്നു.ഉറവിടത്തിൽ നിന്നും കുറവ് ചെയ്യുന്ന തുകകൾ റെസീപ്റ്റ് ആന്റ് പേയ്മെന്റിൽ ഉൾപ്പെടുന്നില്ലായെന്നും മറുപടി ലഭ്യമാക്കി.

2.നീക്കിയിരിപ്പ് തുകയിൽ വ്യത്യാസം

| ഇനം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം നീക്കിയിരിപ്പ് | അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം നീക്കിയിരിപ്പ് |
|---|---|---|
| വികസന ഫണ്ട് (ജനറൽ) | - 3584225 | 1205763 |
| വികസന ഫണ്ട്(എസ്.സി.പി) | 4800815 | 4991991 |
| വികസന ഫണ്ട് (ടി.എസ്.പി) | 101134 | 115840 |

## 1-24 ആരോഗ്യമേഖലയിലെ പ്രോജക്ടുകൾ- രേഖകൾ സൂക്ഷിക്കുന്നതിലെ അപാകതകൾ

മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) നിർവ്വഹണം നടത്തിയ പ്രോജക്ട് ഫയലുകളിൽ ചെലവ് രേഖകൾ സൂക്ഷിക്കുന്നതുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. പ്രതിരോധകുത്തിവയ്പ്പ് - ട്രിപ്പ് ഷീറ്റിലെ വിവരങ്ങൾ കൃത്യമല്ല

പ്രതിരോധകുത്തിവയ്പ്പ് എടുക്കാനുള്ള വാഹന വാടക നൽകുന്നതിനായി രണ്ട് പ്രോജക്ടുകൾ പ്രകാരം ആകെ 66400/- രൂപ തൻവർഷം ചെലവഴിച്ചിട്ടുണ്ട്. ഇമ്മ്യൂണൈസേഷനുള്ള വാഹന വാടകയ്ക്ക് ക്വട്ടേഷൻ ക്ഷണിച്ചതിൽ 1000/- രൂപ ദിവസവാടകയ്ക്ക് സമ്മതിച്ച ശ്രീ.രജികുമാറിനാണ് കരാർ നൽകിയത്. ഇമ്മ്യൂണൈസേഷൻ നടത്തിയതിന്റെ റിപ്പോർട്ട്, വാഹനത്തിന്റെ ട്രിപ്പ് ഷീറ്റ് എന്നിവ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് വിവരം | അപാകത |
|---|---|
| 164/20<br>(പ്രതിരോധകുത്തിവെയ്പ്പ് സ്പിൽ ഓവർ)<br>അടങ്കൽ - ചെലവ് - 26600/- | ദിവസ വാടക 1000/- രൂപ എന്നിരിക്കെ 11/6/2019 ൽ വൗച്ചർ നം. 4, 16 എന്നിവ പ്രകാരവും 26/7/2019 -ൽ വൗച്ചർ നം. 5, 6 എന്നിവ പ്രകാരവും 1800/- രൂപ വീതം നൽകിയിരിക്കുന്നു. |
| 83/20<br>(പ്രതിരോധകുത്തിവയ്പ്പ് )<br>അടങ്കൽ -<br>ചെലവ് - 39800/- | 1. 21/11/2019 ൽ 1000/- രൂപയാണ് കരാർ പ്രകാരം നൽകേണ്ടത്. എന്നാൽ 4000/-രൂപയാണ് നൽകിയിരിക്കുന്നത്.<br>(വൗച്ചർ നം. 4 (Bill-20) പ്രകാരം 1000/- രൂപ (വീരണകാവ് മുതൽ കൊണ്ണിയൂർ വരെ), വൗച്ചർ നം. 6, 7 (Bill-24) എന്നിവ പ്രകാരം 3000/- |

| | |
|---|---|
| | രൂപ<br>നൽകി (വീരണകാവ് മുതൽ കൊണ്ണിയൂർ വരെ). ഇതിൽ വൗച്ചർ നം. 6 ന്റെ പകർപ്പാണ് വൌച്ചർ 7 (Receipt No.31 )<br>2. ഇമ്മ്യൂണൈസേഷൻ നടക്കാത്ത ദിവസങ്ങളിലും ട്രിപ്പ്ഷീറ്റ് പ്രകാരം വാഹനം ഓടിയിട്ടുണ്ട്. ഉദാ. നവബർ 2019 ലെ കണക്ക് പ്രകാരം 14/11/2019, 16/11/2019, 18/11/2019, 21/11/2019 ദിവസങ്ങൾ<br>3. റിപ്പോർട്ട് പ്രകാരം ഇമ്മ്യൂണൈസേഷൻ നടത്തിയ സ്ഥലങ്ങളിലല്ല ട്രിപ്പ് ഷീറ്റ് പ്രകാരം വാഹനം ഓടിയിട്ടുള്ളത്. ഉദാ. 19.10.2019 ന് FWC Kattakada I & II സ്ഥലങ്ങളിൽ ഇമ്മ്യൂണൈസേഷൻ നടത്തിയതായി റിപ്പോർട്ടിൽ കാണുന്നു. എന്നാൽ ട്രിപ്പ്ഷീറ്റ് പ്രകാരം അന്ന് വാഹനം ഓടിയിരിക്കുന്നത് FWC Alamukk-ൽ ആണ്. ഭൂരിഭാഗം ട്രിപ്പിഷീറ്റിലും ഇപ്രകാരം അപാകത കാണുന്നു. |

ചില ദിവസങ്ങളിൽ വൈകുന്നേരം കഴിഞ്ഞും വാഹനം ഉപയോഗിക്കേണ്ടിവന്നതിനാലാണ് തുക അധികം നൽകേണ്ടി വന്നതെന്നും, ട്രിപ്പ്ഷീറ്റിൽ രേഖപ്പെടുത്തലിൽ വന്ന പിഴവാണ് മറ്റ് പരാമർശങ്ങൾക്ക് കാരണമെന്നും ആണ് (എൻക്വയറി നം.26) മറുപടി ലഭ്യമാക്കിയിട്ടുള്ളത്.

തുടർവർഷങ്ങളിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതും, ട്രിപ്പ്ഷീറ്റ് കൃത്യമായി സൂക്ഷിക്കേണ്ടതുമാണ്.

2. പ്രോജക്റ്റ് നം .151/20(ബയോമെഡിക്കൽ വേസ്റ്റ് മാനേജ്മെന്റ് )-

പ്രോജക്റ്റ് പ്രകാരം ഒ.പി.ടിക്കറ്റ് പ്രിന്റ് ചെയ്തവകയിൽ 3558/- രൂപ എച്ച്.എം.സി-ക്ക് നൽകിയിട്ടുണ്ട്. എന്നാൽ എച്ച്.എം.സി. രസീത് സൂക്ഷിച്ചിട്ടില്ല. എച്ച്.എം.സി. ക്ക് നൽകുന്ന തുകയ്ക്ക് എച്ച്.എം.സി. രസീത് സൂക്ഷിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

3. പ്രോജക്റ്റ് നം . 26/20 ( പാലിയേറ്റീവ് കെയർ )-

എ) പാലിയേറ്റീവ് കെയർ മാർഗരേഖ (സ.ഉ (സാധാ) നം.553/2019/തസ്വഭവ തീയതി 07.03.2019) ഖണ്ഡിക 2.9.1 പ്രകാരം പാലിയേറ്റീവ് കെയർ പ്രോജക്ടിന്റെ നടത്തിപ്പിനും മേൽനോട്ടം വഹിക്കുന്നതിനുമായി ഓരോ സാമ്പത്തിക വർഷാവസാനത്തിനുമുൻപും പാലിയേറ്റീവ് കെയർ മാനേജിംഗ് കമ്മിറ്റി രൂപീകരിക്കേണ്ടതും രണ്ട് മാസത്തിലൊരിക്കലോ ആവശ്യാനുസരണമോ യോഗം ചേരേണ്ടതുമാണ്. പാലിയേറ്റീവ് പ്രവർത്തനം പി.എം.സി. വിലയിരുത്തേണ്ടതും, ഓരോ മാസത്തേയും വരവ്-ചെലവ് കണക്കുകൾ പി.എം.സി. അംഗീകരിക്കേണ്ടതുമാണ്. എന്നാൽ 2019- 20 സാമ്പത്തിക വർഷം മൂന്ന് തവണ മാത്രമേ പി.എം.സി. യോഗം ചേർന്നിട്ടുള്ളൂ(13.8.19, 17.8.19, 13.11.19). ഇതിൽ 13.08.2019 ൽ കൂടിയ യോഗത്തിൽ മൂന്ന്അംഗങ്ങളും, 17.08.2019 ലെ യോഗത്തിൽ അഞ്ച് അംഗങ്ങളും മാത്രമേ പങ്കെടുത്തിട്ടുള്ളൂ.

ബി) പാലിയേറ്റീവ് കെയറിനായി ഓടുന്ന വാഹനം എച്ച്.എം.സി ക്ക് കൈമാറിയതിന്റെ വിശദാംശം ആവശ്യപ്പെട്ടെങ്കിലും കൃത്യമായ മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത വാഹനത്തിന്റെ ഇന്ധനക്ഷമതാ ടെസ്റ്റ് 2019-20-ൽ നടത്തിയിട്ടില്ല. പാലിയേറ്റീവ് കെയറിനായി ഉപയോഗിക്കുന്ന വാഹനം എച്ച്.എം.സിയ്ക്ക് കൈമാറേണ്ടതും, പാലിയേറ്റീവ് ആവശ്യത്തിനായി വാഹനം ഓടിയതിന്റെ ഇന്ധനചെലവും, ഡ്രൈവറുടെവേതനവും പാലിയേറ്റീവ് ഫണ്ടിൽ നിന്നും എച്ച്.എം.സി.അക്കൌണ്ടിലേക്ക് കൈമാറി എച്ച്.എം.സി.രസീത് സൂക്ഷിക്കേണ്ടതുമാണ്.

## 1-25 ടെണ്ടർ ഫോം വില ജില്ലാപഞ്ചായത്തിൽ നിന്നും ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്

ഇ-ടെണ്ടർ മുഖേന നടപ്പാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫോമിന്റെ വിലയിനത്തിൽ ജില്ലാപഞ്ചായത്തിൽ നിന്നും തുക ലഭിച്ചതിന്റെ വിശദതുക സംബന്ധിച്ച് സൈറ്റിൽ നിന്ന് റിപ്പോർട്ട് എടുക്കാൻ സാധിക്കുന്നില്ലായെന്ന് നിർവ്വഹണോദ്യോഗസ്ഥ വിശദീകരിച്ചിട്ടുണ്ട്. (ഓഡിറ്റ് എൻക്വയറി നം.11). ഈ ഇനത്തിൽ നാളിതുവരെ ലഭിക്കാനുള്ള തുക കണക്കാക്കി ജില്ലാപഞ്ചായത്തിൽ നിന്നും ലഭ്യമാക്കി ഗ്രാമപഞ്ചായത്ത് അക്കൗണ്ടിലേക്ക് മാറ്റാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-26 പഞ്ചായത്തിന്റെ അധീനതയിലുള്ളതോ കൈമാറിക്കിട്ടിയതോ അല്ലാത്ത സ്ഥാപനങ്ങൾക്കുള്ള ചെലവ് - 56,479/- രൂപ അധികച്ചെലവ്

I)പഞ്ചായത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന രണ്ടു ലൈബ്രറികളാണുള്ളത് - മഹാത്മാഗാന്ധി സ്മാരക ഗ്രന്ഥശാലയും തകഴി ശിവശങ്കരപ്പിള്ള സ്മാരക ഗ്രന്ഥശാലയും. എന്നാൽ ചുവടെപ്പറയും പ്രകാരം വിവിധ സ്ഥാപനങ്ങൾക്കായി

തനതുഫണ്ടിൽ നിന്നും ചെലവുണ്ടായിട്ടുണ്ട്.

| വൗച്ചർ നം/തീയതി | ചെക്ക് നം | തുക |
|---|---|---|
| കറണ്ട് ചാർജ്ജ്<br>I) ജനത ഗ്രന്ഥശാല | | |
| 21900683/8.8.19 | 151040 | 1435/- |
| 21900974/11.10.19 | 151289 | 858/- |
| 21901559/20.01.20 | 151059 | 1165/- |
| 21900264/3.06.19 | 150829 | 848/- |
| Ii) മിനി കൾച്ചറൽ അസോസിയേഷൻ ഗ്രന്ഥശാല | | |
| 21901541/20.1.20 | 151054 | 1478/- |
| 21900156/4.05.19 | 150797 | 576/- |
| 21900265/3.06.19 | 150830 | 970/- |
| Iii)പ്രതീക്ഷ കലാസമിതി | | |
| 21900216/23.5.19 | 236497 | 99/- |
| ദിനപത്രം വിതരണം ചെയ്യുതിനുള്ള ചാർജ്ജ്<br>I) ജനത ഗ്രന്ഥശാല | | |
| 21901828/26.2.20 | | 7830/- |
| Ii) പ്രിയദർശിനി ഗ്രന്ഥശാല | | |
| 21901829/25.2.20 | | 2340/- |
| 21901348/10.12.19 | 151110 | 2880/- |
| ആകെ | | 20479/- |

ll) മാവേലി സ്റ്റോറിന് അനർഹമായി വാടക നൽകി.

പഞ്ചായത്തിലെ കട്ടയ്ക്കോട് ജംഗ്ഷനിൽ പ്രവർത്തിക്കുന്ന മാവേലി സ്റ്റോറിന് പ്രതിമാസം 3000/- രൂ നിരക്കിൽ 2019-20 വർഷത്തിൽ വാടക നൽകിയിട്ടുണ്ട്. 22.02.19ലെ സ.ഉ(സാധാ) നം.366/2017/തസ്വഭവ ഉത്തരവ് പ്രകാരം രണ്ടിൽക്കൂടുതൽ മാവേലിസ്റ്റോറുകൾ പ്രവർത്തിക്കുന്നതിന് വാടകരഹിതകെട്ടിടം അനുവദിക്കേണ്ടതില്ല. പൂവച്ചൽ, കൊണ്ണിയൂർ വാർഡുകളിലെ മാവേലി സ്റ്റോറുകൾക്ക് മൂന്നു വർഷം വാടക അനുവദിച്ചുകഴിഞ്ഞതായി 22.02.20ലെ ഭരണസമിതിയുടെ മിനിട്സിൽ പരാമർശമുണ്ട്. 2019 ആഗസ്റ്റ് മുതൽ 2020മാർച്ച് വരെയുള്ള വാടക സെക്രട്ടറിയുടെ എതിർപ്പിനെ മറികടന്നാണ് അനുവദിച്ചിട്ടുള്ളതും. നിയമാനുസൃതമല്ലാതെയുള്ള 36000/-രൂപയും ലൈബ്രറികൾക്കായി ചെലവഴിച്ച 20479/- രൂപയും സംബന്ധിച്ച വിശദാംശങ്ങൾ അടിയന്തിരമായി ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്. അല്ലാത്തപക്ഷം തുക തടസ്സപ്പെടുത്തുന്നതായിരിക്കും.

## 1-27 നിർവ്വഹണോദ്യോഗസ്ഥയുടെ പേരിലുള്ള അക്കൗണ്ട് നിർത്തലാക്കേണ്ടതാണ്

ഗ്രാമപഞ്ചായത്തിലെ നിർവ്വഹണോദ്യോഗസ്ഥയായ ഹെഡ്മിസ്ട്രസ്സിന്റെ പേരിൽ കാട്ടാക്കട SBIയിൽ ഒരു ബാങ്ക് അക്കൗണ്ട് നിലവിലുണ്ട്. 20.07.17ൽ തുടങ്ങിയ പ്രസ്തുത അക്കൗണ്ടിൽ 18.11.21ൽ 74,850/- രൂ നീക്കിയിരിപ്പുണ്ട്. 2020-21ൽ പദ്ധതി നിർവ്വഹണത്തിനായി SCP ഫണ്ടിൽ നിന്നും പിൻവലിച്ച് ചെലവഴിക്കാൻ കഴിയാതെ വന്ന തുകയാണിതെന്നാണ് എൻക്വയറിക്ക് (നം. 37) നൽകിയ മറുപടി. എസ്.സി കുട്ടികളുടെ നൃത്തപരിശീലനം എന്ന പദ്ധതിക്കായി 80,000/-രൂ ട്രഷറിയിൽ നിന്നും പിൻവലിച്ച് നിക്ഷേപിച്ചതിൽ ബാങ്ക് ചാർജ്ജ് ഈടാക്കിയതിനു ശേഷമുള്ളതാണ് ഈ തുക.

വിവിധ പദ്ധതികൾക്കായി തനത്/പ്ലാൻ ഫണ്ടുകളിൽ നിന്നും മാറുന്ന എല്ലാ തുകകളും പ്രസ്തുത അക്കൗണ്ടിൽ ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുകയാണ് പതിവ്. തുടർന്ന് ചെക്ക് മുഖേന ഗുണഭോക്താവിന് കൈമാറുന്നു. എന്നാൽ അപ്രകാരം കൈമാറുന്ന എല്ലാ തുകകൾക്കുമുള്ള വ്യക്തമായ രേഖകൾ ഹാജരാക്കാൻ നിർവ്വഹണോദ്യോഗസ്ഥക്ക് കഴിഞ്ഞിട്ടില്ല.

11.06.2018ലെ സ.ഉ(പി) നം. 88/2018/ഫിൻ പ്രകാരം പ്ലാൻ തുക നിർവ്വഹണോദ്യോഗസ്ഥന്റെ ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റരുത് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. പണം കൈമാറുന്നതിന് DBTരീതി മാത്രമേ അവലംബിക്കാവൂ എന്നും വ്യവസ്ഥയുണ്ട്. ഈ നിർദ്ദേശം പാലിക്കാത്തത് നിർവ്വഹണോദ്യോഗസ്ഥന്റെ ഭാഗത്തുള്ള വീഴ്ചയാണ്. പ്ലാൻ ഫണ്ടിൽ നിന്നും പിൻവലിച്ച തുക അടിയന്തിരമായി തിരികെ ഒടുക്കി അക്കൗണ്ട് ക്ലോസ് ചെയ്ത് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-28 അവശ്യത്തിൽ അധികമായി വാങ്ങിയ സാധനങ്ങളുടെ വില – 74,340/-രൂ തടസ്സപ്പെടുത്തുന്നു

പദ്ധതി : പ്രവേശനോത്സവം

അടങ്കൽ : 4,50,000/- രൂപ (പ്ലാൻ ഫണ്ട്)

നിർവ്വഹണോദ്യോഗസ്ഥ : ഹെഡ്മിസ്ട്രസ്സ്

ബിൽ നം/തുക : 1/12.07.19 - 4,50,000/-രൂപ

2019-20 വർഷത്തിൽ ഗ്രാമപഞ്ചായത്തിലെ വിവിധ എൽ.പി, യു.പി സ്കൂളുകളിൽ പ്രവേശനം നേടിയ 262 കുട്ടികൾക്ക് ബാഗ്, കുട, വാട്ടർ ബോട്ടിൽ എന്നിവ നൽകുന്നതിനാണ് പ്രോജക്ട് വിഭാവനം ചെയ്യുന്നത്. ടെണ്ടർ ക്ഷണിച്ചതും 262 വീതം സാധനങ്ങൾ വാങ്ങുന്നതിനാണ്. എന്നാൽ ബാഗ്, വാട്ടർ ബോട്ടിൽ എന്നിവ ആമിന ഏജൻസീസ് എന്ന സ്ഥാപനത്തിൽ നിന്നും 325 എണ്ണം വീതം വാങ്ങിയിട്ടുണ്ട്. വിശദീകരണമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നമ്പർ 25) മറുപടിയായി 358 ബാഗും 290 വാട്ടർ ബോട്ടിലുകളും വിതരണം ചെയ്തതായുള്ള രേഖകളാണ് ലഭ്യമാക്കിയിട്ടുള്ളത്. സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടുമില്ല. കൃത്യമായ രേഖകളുടെ അഭാവത്തിൽ പ്രവേശനം നേടിയ കുട്ടികളുടെ എണ്ണമായ 262ൽ അധികമായി സാധനങ്ങളുടെ ചുവടെപ്പറയും പ്രകാരം കണക്കാക്കിയ വില – 74,340/- രൂപ തടസ്സപ്പെടുത്തുന്നു.

| ഇനം | നിരക്ക് | അധികം വാങ്ങിയ സാധനങ്ങളുടെ | |
|---|---|---|---|
| | | എണ്ണം | വില |
| ബാഗ് | 600 | 63 | 37800 |

| | | | |
|---|---|---|---|
| ബോട്ടിൽ | 400 | 63 | 25200 |
| ആകെ<br>18% GST | | | 63000<br>11340 |
| | | | 74340 |

Ii) പദ്ധതിനിർവ്വഹണത്തിലെ അപാകതകൾ

ബാഗ്, വാട്ടർ ബോട്ടിൽ എന്നിവയ്ക്ക് ക്വട്ടേഷൻ ക്ഷണിക്കുന്ന എന്നതൊഴികെ വാങ്ങേണ്ട സാധനങ്ങളെപ്പറ്റി യാതൊരു വിവരണവും ക്വട്ടേഷൻ നോട്ടീസിൽ ഉൾപ്പെടുത്തിയിട്ടില്ല. ലഭിച്ച ക്വട്ടേഷനുകളിൽ റേറ്റ് ഉൾപ്പെടുത്തിയതെങ്ങനെ എന്ന് വ്യക്തമല്ല.

കുട വിതരണം ചെയ്യാൻ ക്വട്ടേഷൻ ക്ഷണിക്കാതെ സ്വരുമ എന്ന കുടുംബശ്രീ യൂണിറ്റിനെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. 250 കുടകൾക്കുള്ള എസ്റ്റിമേറ്റായി 68750/-രൂപ എന്നാണ് പ്രസ്തുത യൂണിറ്റ് സമർപ്പിച്ചിട്ടുള്ളത്. കുറഞ്ഞ നിരക്കിൽ ഗുണമേന്മയുള്ള കുടകൾ ലഭിക്കുമായിരുന്ന സാഹചര്യത്തിൽ ടി യൂണിറ്റിനെ തിരഞ്ഞെടുത്തതിലെ ഔചിത്യം വിശദീകരിക്കപ്പെട്ടിട്ടില്ല. കുടകൾ വിതരണം ചെയ്തതിനുള്ള ബില്ലും ഫയലിലില്ല. എസ്റ്റിമേറ്റ് തന്നെയാണ് ബില്ലായി ഉപയോഗിക്കുന്നതെന്ന മറുപടിയാണ് എൻക്വയറിക്ക് നൽകിയിട്ടുള്ളത്.

കുടയുടെ വിലയായ 68,750/- രൂ നിർവ്വഹണോദ്യോഗസ്ഥയുടെ പേരിലുള്ള അക്കൗണ്ടിലേക്കാണ് മാറിയിട്ടുള്ളത്. പ്രസ്തുത ആക്കൗണ്ടിൽ നിന്നും നാളിതുവരെ ഈ തുക പിൻവലിച്ചുകാണുന്നില്ല. എന്നാൽ തുക കൈപ്പറ്റിയതായി കുടുംബശ്രീ യൂണിറ്റ് സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. കുട ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതിന്റെ രേഖകൾ ആധികാരികമായ സാക്ഷ്യപ്പെടുത്തലോടു കൂടി ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്. അല്ലാത്തപക്ഷം ചെലവ് തുക തടസ്സപ്പെടുത്തുന്നതാണ്.

## 1-29 സിവിൽ സർവ്വീസസ് കോച്ചിംഗ് - പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ

പ്രോജക്ട് നം. : S0035/19

ഫണ്ട് : തനത് ഫണ്ട്

നിർവ്വഹണോദ്യോഗസ്ഥ : ഹെഡ്മിസ്ട്രസ്സ്

വൗച്ചർ നം I) 21900377/ 26.6.19 – 1,00,000/- രൂപ

Ii) 21901418/ 30.12.19- 50,000/- രൂപ

പ്രസ്തുത പദ്ധതിക്ക് റീടെണ്ടർ ക്ഷണിച്ചിട്ടും ആരും മുന്നോട്ടു വരാത്ത സാഹചര്യത്തിൽ എക്സലന്റ് അക്കാഡമി എന്ന സ്ഥാപനത്തെ നിർവ്വഹണോദ്യോഗസ്ഥ തന്നെ തിരഞ്ഞെടുക്കുകയാണുണ്ടായത്. പ്രസ്തുത സെന്ററുമായി വെച്ചിട്ടുള്ള കരാറിൽ പഠിതാക്കളുടെ എണ്ണത്തെക്കുറിച്ചോ അദ്ധ്യാപകരുടെ യോഗ്യതയെ സംബന്ധിച്ചോ ഒരു പരാമർശവുമില്ല. 50 ദിവസം ക്ലാസ്സ് എടുത്തു എന്നും 70 കുട്ടികളുമായി സ്റ്റഡി ടൂർ പോയി എന്നും എൻക്വയറിക്കുള്ള (നം. 24) മറുപടിയിൽ പരാമർശിച്ചിട്ടുണ്ടെങ്കിലും ആയതിനൊന്നും വ്യക്തമായ രേഖ ഹാജരാക്കിയിട്ടില്ല. കുട്ടികളുടെ ഹാജർ രേഖകളും ലഭ്യമല്ല.

കരാറിനോടൊപ്പമുള്ള പാഠ്യപദ്ധതിയിൽ ഇത് ഒരു 'After School Program' ആയാണ് രൂപീകരിച്ചിട്ടുള്ളതെന്ന് പറയുന്നു. ഉൾക്കൊള്ളിച്ചിട്ടുള്ള വിഷയങ്ങളും സ്കൂൾ തലത്തിലെ വിദ്യാർത്ഥികൾക്ക് എളുപ്പത്തിൽ ഗ്രഹിക്കാവുന്നവയല്ല. എന്നാൽ പഞ്ചായത്തിലെ വിവിധ സ്കൂളുകളിലെ പ്രഥമാദ്ധ്യാപകരിൽ നിന്നും 8,9 ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികളുടെ ലിസ്റ്റ് വാങ്ങി അതിൽ നിന്നുമാണ് കോഴ്സിനുള്ള കുട്ടികളെ കണ്ടെത്തിയിട്ടുള്ളത്. സ്റ്റഡി ടൂർ ഒഴികെയുള്ള പാഠ്യപദ്ധതി കുട്ടികൾക്ക് എത്രമാത്രം പ്രയോജനകരമായി എന്നത് ചിന്തനീയമാണ്. സമൂഹത്തിൽ പിന്നോക്കാവസ്ഥയിൽ നിൽക്കുന്ന, സിവിൽ സർവ്വീസിൽ തല്പരരായവർക്കു വേണ്ടി ലൈബ്രറി സൗകര്യങ്ങൾ കൂടി ഒരുക്കി പ്രസ്തുത പദ്ധതി രൂപീകരിക്കുന്നതാവും ഉചിതം എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

പദ്ധതിയോടനുബന്ധിച്ചുള്ള ചെക്കുകൾ ഹെഡ്മിസ്ട്രസ്സിന്റെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലേക്കാണ് മാറിയിട്ടുള്ളത്. ഇതിൽ രണ്ടാമത്തെ തുകയായ 50,000/-രൂ ശ്രീ സയ്യദ്കുഞ്ഞ് എന്നയാളുടെ പേരിൽ ചെക്ക് നൽകിയതായാണ് ഫയലിൽ കാണുന്നത്. ടി വ്യക്തി കോഴ്സ് കോ-ഓർഡിനേറ്റർ ആണെന്നാണ് എൻക്വയറിക്കുള്ള മറുപടിയിൽ അറിയിച്ചിട്ടുള്ളത്. എന്നാൽ ചെക്ക് നൽകിയതൊഴിച്ച് പദ്ധതിയുടെ നിർവ്വഹണത്തിന്റെ മറ്റൊരു ഘട്ടത്തിലും ടിയാൻ ഉൾപ്പെട്ടിട്ടില്ല.

പൊതുപണം ഉപയോഗിച്ച് നിർവ്വഹണം നടത്തുന്ന പദ്ധതികൾക്ക് വ്യക്തവും സുതാര്യവുമായ ചെലവുരേഖകൾ

ഉണ്ടാകേണ്ടതാണ്. ഈ വിഷയത്തിലേക്ക് ഭരണസമിതിയുടെ പ്രത്യേകശ്രദ്ധ ക്ഷണിക്കുന്നു. വ്യക്തമായ രേഖകൾ അടിയന്തിരമായി ഹാജരാക്കാത്ത പക്ഷം തുക തടസ്സപ്പെടുത്തുന്നതാണ്.

## 1-30 ഹരിതകർമ്മസേന – പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

ഹരിതകേരളം പദ്ധതിയുടെ ഭാഗമായി പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള അജൈവപാഴ്വസ്തുക്കൾ ശേഖരിച്ച് സംസ്കരിക്കുന്നതിനുവേണ്ടി 2018-19 സാമ്പത്തികവർഷത്തിൽ ആരംഭിച്ചതാണ് ഹരിതകർമ്മസേന എന്ന പദ്ധതി. സംസ്കരിച്ച പ്ലാസ്റ്റിക്കിന്റെ വിപണനവും മറ്റും ക്ലീൻ കേരള കമ്പനി മുഖേനയാണ് നടത്തുന്നതെങ്കിലും പദ്ധതിയുടെ ആരംഭത്തിൽ പഞ്ചായത്ത് കമ്പനിയുമായി കരാറൊന്നും വെച്ചിട്ടില്ല.

തൻവർഷം ബെയ്ൽ പ്ലാസ്റ്റിക്ക് വിറ്റ ഇനത്തിൽ 44,503/- രൂ വരവുണ്ട്. പല തവണകളിലായി ലഭ്യമായിട്ടുള്ള പ്രസ്തുത തുകകൾ യൂസർഫീ കളക്ഷനോടൊപ്പം തനതുഫണ്ടിൽ ഒടുക്കിയിട്ടുള്ളതായാണ് കാണുന്നത്. വ്യക്തമായ ഒരു കരാറില്ലാത്തതിനാൽ ക്ലീൻ കേരള കമ്പനി ടി തുകകൾ ആരുടെ അക്കൗണ്ടിലേക്കാണ് നൽകുന്നതെന്ന് വ്യക്തമല്ല. 04.03.2019ൽ വിറ്റ 1465.8 കിലോ ബെയ്ൽ പ്ലാസ്റ്റിക്കിന്റെ വില അക്കൗണ്ടിൽ വരവു വന്നിട്ടുമില്ല. ആയതിന് ഒരു വിശദീകരണം ലഭ്യമാക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കുമായിട്ടില്ല.

ഹരിതകർമ്മസേനാംഗങ്ങൾ തൻവർഷം വീടുകളിൽ നിന്നും വ്യാപാരസ്ഥാപനങ്ങളിൽ നിന്നുമൊക്കെ യൂസർഫീ പിരിവ് നടത്തുന്നുണ്ട്. സ്റ്റോക്ക് രജിസ്റ്റർ പ്രകാരം 571 രസീതുബുക്കുകൾ ഇതിനായി വിവിധ അംഗങ്ങൾക്ക് നൽകിയിട്ടുമുണ്ട്. എന്നാൽ ഇവയിൽ 13 എണ്ണം മാത്രമാണ് ഓഡിറ്റിന് ലഭ്യമാക്കിയിട്ടുള്ളത്. വരവായി ലഭിക്കുന്ന തുകകൾ ആഴ്ചകളും മാസങ്ങളും കൂടുമ്പോഴാണ് പഞ്ചായത്തിൽ ഒടുക്കു വരുത്തുന്നത്. ലഭ്യമായ രസീതുബുക്കുകൾ പരിശോധിച്ചതിൽ ഒടുക്കിയ തുകയിൽ ചുവടെപ്പറയും പ്രകാരം കുറവും കാണുന്നുണ്ട്.

| വാർഡ് നം. | കാലയളവ് | ആകെ വരവ് | ഒടുക്കിയ തീയതി | ഒടുക്കിയ തുക | കുറവ് |
|---|---|---|---|---|---|
| 3 | 15.5.19 -20.05.19 | 3170 | 21.05.19 | 800 | 2370 |
| | 26.05.19 – 25.06.19 | 4990 | 26.06.19 | 3600 | 1390 |
| 13 | 05.03.19 – 22.04.19 | 3090 | 23.04.19 | 3050 | 40 |
| | 23.04.19 – 28.04.19 | 880 | 29.04.19 | 840 | 40 |
| | 29.04.19 – 13.05.19 | 800 | 14.05.19 | 760 | 40 |
| | 31.05.19 – 28.06.19 | 3010 | 29.06.19 | 2190 | 820 |

ഒന്നിൽക്കൂടുതൽ രസീതുബുക്കുകൾ ഒരേ കാലയളവിൽ ഒരു വാർഡിൽ തന്നെ ഉപയോഗിച്ചിട്ടുള്ളതായും കാണുന്നു. ആകയാൽ ഒടുക്കേണ്ട തുകയുടെ കൃത്യതയും ഉറപ്പാക്കാനായിട്ടില്ല.

ഫയൽ പരിശോധിച്ചതിൽ ക്ലീൻ കേരള കമ്പനിയുടെ 16.04.19ലെ കത്ത് പ്രകാരം 3715.116 കിലോ ഷ്രെഡഡ് പ്ലാസ്റ്റിക്ക് വിവിധ പഞ്ചായത്തുകളിലെ റോഡുനിർമ്മാണത്തിനായി നൽകിയ വകയിൽ 55,727/-രൂ പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. എന്നാൽ തുടർന്ന് 2019-20ൽ ഇത്തരത്തിൽ ഷ്രെഡഡ് പ്ലാസ്റ്റിക്ക് വിറ്റതിന്റെയോ ആയതിന്റെ വരവു സംബന്ധിച്ചോ ഉള്ള യാതൊരു രേഖയും സ്ഥാപനത്തിൽ ലഭ്യമല്ല.

22.06.2021ൽ ക്ലീൻ കേരള കമ്പനിയുമായി മാലിന്യസംസ്കരണത്തിനായി പഞ്ചായത്ത് കരാറിലേർപ്പെട്ടിട്ടുണ്ട്. ഹരിതകർമ്മസേനയ്ക്കായി പ്രത്യേക ബാങ്ക് അക്കൗണ്ടും നിലവിലുണ്ട്. എന്നാൽ ഇതോടനുബന്ധിച്ചുള്ള വരവുചെലവ്

കണക്കുകളൊന്നും കൃത്യമായി സൂക്ഷിക്കുന്നില്ല. പിരിച്ചെടുക്കുന്ന യൂസർ ഫീ ഒടുക്കുന്നതിന്റെ കൃത്യത മേലുദ്യോഗസ്ഥരാരും പരിശോധിക്കുന്നില്ല. ഹരിതകർമ്മസേനയുടെ ക്യാഷ് ബുക്കിൽ ഓരോ ദിവസവും അക്കൗണ്ടിലേക്ക് ഒടുക്കു വരുത്തുന്ന തുകയുടെ വിവരം മാത്രമാണ് എഴുതിപ്പോരുന്നത്.

വളരെ ജനോപകാരപ്രദവും വരുമാനദായകവുമായ ഒരു പദ്ധതി കൃത്യമായ മോണിറ്ററിംഗിന്റെ അഭാവം നിമിത്തം സാമ്പത്തിക ക്രമക്കേടുകൾക്കും വൻനഷ്ടത്തിനും വഴിവെയ്ക്കുന്നതായാണ് വ്യക്തമാകുന്നത്. ഇതിലേക്ക് ഭരണസമിതിയുടെ പ്രത്യേകശ്രദ്ധ ക്ഷണിക്കുന്നു. പിരിവിനായി നൽകിയിട്ടുള്ള രസീതുബുക്കുകൾ മുഖേനയുള്ള വരവിന്റെ ഒടുക്കുവിവരം കൃത്യമായി പരിശോധിച്ച് കുറവു വന്ന തുകകൾ ഉത്തരവാദികളിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-31 ഹോളോ ബ്രിക്സ് യൂണിറ്റ് പ്രവർത്തനക്ഷമമല്ല

ലൈഫ് ഭവനപദ്ധതിക്ക് ഭവനനിർമ്മാണത്തിന് സൗജന്യമായി ഹോളോബ്രിക്സ് നിർമ്മിച്ചുനൽകുന്ന യൂണിറ്റിന് മെഷിനറി വാങ്ങുന്നതിനായി 18-19 സാമ്പത്തികവർഷത്തിൽ 6,60,800/- രൂ ചെലവഴിച്ചിരുന്നു. ആയതിന്റെ ഇലക്ട്രിഫിക്കേഷൻ ജോലികൾക്കായി തൻവർഷം തനതുഫണ്ടിൽ നിന്നും 103425/- രൂപയും ചെലവാക്കിയിട്ടുണ്ട്. എന്നാൽ നാളിതുവരെ പ്രസ്തുത യൂണിറ്റ് പ്രവർത്തനമാരംഭിച്ചിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 42) ഇന്റർലോക്ക് കട്ട നിർമ്മാണം ആരംഭിക്കുന്നതിന് കുടുംബശ്രീയെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും ആയത് ഉടൻ പ്രവർത്തനമാരംഭിക്കുമെന്നുമാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്.

ഹോളോബ്രിക്സ് നിർമ്മാണത്തിനായി ആരംഭിച്ച യൂണിറ്റിൽ ഇന്റർലോക്ക് കട്ട നിർമ്മാണം തുടങ്ങാനും യൂണിറ്റ് കുടുംബശ്രീയെ ഏൽപ്പിക്കാനും തീരുമാനിച്ചത് ഏതുത്തരവിന്റെ അടിസ്ഥാനത്തിലാണെന്ന് വ്യക്തമല്ല. ലക്ഷക്കണക്കിന് രൂപ ചെലവഴിച്ചിട്ടും പദ്ധതി കൊണ്ട് ജനങ്ങൾക്ക് നാളിതുവരെ യാതൊരു പ്രയോജനവും ഉണ്ടായിട്ടില്ല. ഉപയോഗമില്ലാതെ കിടക്കുന്ന യന്ത്രഭാഗങ്ങൾ കാലപ്പഴക്കം കൊണ്ട് നശിച്ചുപോകാമെന്നതിനാൽ പദ്ധതിപ്പണം പാഴാകാതിരിക്കുന്നതിനുള്ള സത്വരനടപടികളിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-32 സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെയുള്ള കരാർ നിയമനങ്ങൾ

ധനകാര്യ(വ്യയം-സി) വകുപ്പിന്റെ 09.07.19ലെ സ.ഉ(അച്ചടി) നം. 81/2019/ധന നം. ഉത്തരവു പ്രകാരം 90 ദിവസത്തിനു മുകളിലുള്ള കാലയളവിലേക്ക് ദിവസവേതനാടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിന് അംഗീകൃതതസ്തികയാണെങ്കിൽക്കൂടി സർക്കാരിന്റെ മുൻകൂർ അനുമതി നേടിയിരിക്കണം.

ഗ്രാമപഞ്ചായത്തിൽ അംഗീകൃത തസ്തികകളായ ഡ്രൈവർ, ക്ലാർക്ക്, ഓഫീസ് അറ്റന്റന്റ് എന്നിവയിലും മാർക്കറ്റ് നൈറ്റ് വാച്ച്മാൻ, ബഡ്സ് സ്കൂളിൽ ഫിസിയോതെറാപ്പിസ്റ്റ് എന്നിങ്ങനെ അംഗീകൃതമല്ലാത്ത തസ്തികകളിലും തൻവർഷത്തിൽ കരാറടിസ്ഥാനത്തിൽ നിയമനം നടത്തിയിട്ടുണ്ട്. പ്രസ്തുത നിയമനങ്ങളുടെ ഫയൽ ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ സർക്കാർ അനുമതി ഇവയ്ക്കുണ്ടോ എന്ന് പരിശോധിക്കാനായിട്ടില്ല.

പി.എച്ച്.സിയിൽ ഡോക്ടർ, ലാബ് ടെക്നീഷ്യൻ മുതലായ തസ്തികകളിലും കരാറടിസ്ഥാനത്തിൽ നിയമനങ്ങൾ നടത്തിയിട്ടുണ്ട്. എന്നാൽ നടപടിക്രമങ്ങളെല്ലാം പാലിച്ചും കൃത്യമായി ഇന്റർവ്യൂവും മറ്റും നടത്തിയതിന്റെ അടിസ്ഥാനത്തിലാണോ ഈ നിയമനങ്ങളെന്ന് വ്യക്തമല്ല. ആരോഗ്യരംഗത്തെ ഗൗരവതരമായ തസ്തികകളിൽ ഉൾപ്പെടെ നടത്തുന്ന കരാർ നിയമനങ്ങൾ നിയമവിധേയവും സുതാര്യവുമാകാൻ അധികാരികൾ പ്രത്യേക ശ്രദ്ധ പുലർത്തേണ്ടതാണ്.

# ഭാഗം -2

# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 2-1 പിരിച്ചെടുത്ത തുക ഒടുക്ക് വരുത്തിയിട്ടില്ല

1. ശ്രീ പ്രേമനന്ദൻ.ജെയുടെ പേരിൽ ഇഷ്യൂ ചെയ്ത 10599, 10597എന്നീ രസീത് ബുക്ക് പ്രകാരം പിരിച്ചെടുത്ത തുക കളക്ഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തി ഒടുക്കു വരുത്തിയ വിവരം ഓഡിറ്റിൽ ലഭ്യമാക്കിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ബുക്ക് നം. | രസീത് നം. | തുക | തീയതി |
|---|---|---|---|
| 10599 | 1 | 499 | 10/06/2019 |

| | | | |
|---|---|---|---|
| 10599 | 2 | 520 | 17/09/2019 |
| 10599 | 4 | 277 | 01/10/2019 |
| 10599 | 5 | 480 | 01/10/2019 |
| 10597 | 1 | 294 | 09/05/2019 |
| 10597 | 2 | 1092 | 09/05/2019 |
| 10597 | 3 | 342 | 09/05/2019 |
| 10597 | 4 | 374 | 09/05/2019 |
| 10597 | 5 | 1505 | 27/05/2019 |
| 10597 | 6 | 945 | 27/05/2019 |
| 10597 | 7 | 477 | 27/05/2019 |
| 10597 | 8 | 35000 | 10/06/2019 |
| ആകെ | | 41805/- | |

കേരള ഫിനാൻഷ്യൽ കോഡ് വാല്യം 1 ആർട്ടിക്കൾ 7, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ് )ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്തിനു വേണ്ടി സ്വീകരിച്ച എല്ലാ പണവും അതേ ദിവസം തന്നെ ക്യാഷ് ബുക്കിൽ രേഖപ്പെടുത്തണമെന്നും എല്ലാ പണമിടപാടുകളും യാതൊരു വീഴ്ചയും വരുത്താതെ അക്കൗണ്ടിൽ രേഖപ്പെടുത്തേണ്ടതാണെന്നിരിക്കെ അത്തരത്തിൽ രസീത് പ്രകാരമുള്ള വരവുതുകകൾ കൃത്യമായും പഞ്ചായത്തിൽ ഒടുക്ക് വരുത്തിയിട്ടില്ല.

ഇതിന്റെ വിശദീകരണം ആവശ്യപ്പെട്ടു 24/11/2021- ൽ നൽകിയ ഓഡിറ്റ് എൻക്വയറി 20/2019-20 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഒടുക്ക് വരുത്താത്ത തുക പഞ്ചായത്ത് ഫണ്ടിൽ തിരിച്ചടയ്ക്കാത്ത പക്ഷം സെക്രട്ടറിയുടെ ബാദ്ധ്യതയായി കണക്കാക്കുന്നതാണ്.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിവരം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | പദ്ധതിയുടെ പേര് | ലഭിച്ച തുക | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | ലൈഫ് ഭവന പദ്ധതി | 1551500 | 1551500 | 0 |

| | | | | | |
|---|---|---|---|---|---|
| | | സ്നേഹസ്പർശം | 413250 | 413250 | 0 |
| | | ക്ഷീരസമൃദ്ധി | 1000000 | 1000000 | 0 |
| | | അഗതി രഹിത കേരളം | 100000 | 100000 | 0 |
| | | ആകെ | 3064750* | 3064750* | 0 |
| ജില്ലാ പഞ്ചായത്ത് | | ലൈഫ് ഭവന പദ്ധതി | 1970249 | 1970249 | 0 |
| | | സ്നേഹസ്പർശം | 427500 | 427500 | 0 |
| | | ക്ഷീരസമൃദ്ധി | 29490 | 29490 | 0 |
| | | ആകെ | 2427239* | 2427239* | 0 |

2019-20 ൽ സ്ഥാപനത്തിന ജില്ലാ പഞ്ചായത്ത് വിഹിതം ലഭ്യമായതായി വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെട്ടിട്ടില്ല.
* സുലേഖ ചെലവ് പത്രിക പ്രകാരമുള്ള ചെലവ്

വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള വിവരങ്ങൾ ( B4&RP 31)

| സ്ഥാപനം | 18-19 B-4 ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ് | 19-20 RP-7/RP-31 പ്രകാരം വരവ് | ആകെ | സുലേഖ ചെലവ് പത്രിക പ്രകാരം ചെലവ് | നീക്കിയിരിപ്പ് | 19-20 B-4 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | | | | | | |
| Revenue Expenditure (320700205) | 554661 | 0 | 554661 | -- | 554661 | 554661 |
| | | | | 2427239* | | |
| ബ്ലോക്ക് പഞ്ചായത്ത് | | | | | | |
| Capital Expenditure (320700104) | 2140605 | 300000 | 2440605 | 1083780 ** | 1356825 | 1356825 |
| Revenue Expenditure (320700204) | 194770 | 3417134 | 3611904 | 3064750* | 547154 | 547154 |
| Capital Expenditure (320700304) | 303307 | 0 | 303307 | 296340# | 6967 | 6967 |
| Revenue Expenditure (320700404) | 10000 | 0 | 10000 | -- | 10000 | 10000 |

1.* സുലേഖ ചെലവ് പത്രിക പ്രകാരമുള്ള ചെലവ്

2.** പ്രോജക്ട് നം 243/18-19 പ്ലാസ്റ്റിക്ക് ഷ്രെഡിങ്ങിനായും (170101/-)

പ്രോജക്ട് നം 202/19 -20 MRFC യുടെ (913679/-) നിർമ്മാണത്തിനായും ചെലവഴിച്ച് തുക .

3.# പ്രോജക്ട് നം 203/19-20 ആലമുക്ക് വാർഡിൽ അംഗൻവാടി നിർമ്മാണത്തിനായി ചെലവഴിച്ച തുക

സുലേഖ ചെലവ് പത്രികയിലെയും വാർഷിക ധനകാര്യപത്രികയിലെയും തുകകളുടെ വ്യത്യാസം സംബന്ധിച്ച് നൽകിയ

ഓഡിറ്റ് എൻക്വയറി നം. 5 നുള്ള മറുപടിയിൽ സംയുക്ത പദ്ധതിയ്ക്ക് 2019-20-ൽ അലോട്ടമെന്റ് സിസ്റ്റമാണ് നിലവിലുണ്ടായിരുന്നതെന്നും പഞ്ചായത്തിൽ അലോട്ട്മെന്റ് പാസാക്കുന്ന മുറയ്ക്ക് അവ നടപ്പിലാക്കുന്ന ജില്ലാ -ബ്ലോക്ക് പഞ്ചായത്തുകൾ നേരിട്ട് ട്രഷറിയിൽ സമർപ്പിക്കുകയും ബില്ലുകൾ ഇ-ബിൽ വൗച്ചറുകൾ മുഖേന സാംഖ്യ പേയ്മെന്റാവുകയുമാണ് ചെയ്യുന്നതെന്നും ഇ-ബിൽ വൗച്ചറുകൾ ലഭ്യമല്ലാത്തതിനാലാണ് പ്രസ്തുത ചെലവുകൾ സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെടാത്തതെന്നറിയിച്ചിരിക്കുന്നു.

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| KWA | കുഴലാർ തെക്കേവീട് പൈപ്പ് ലൈൻ നീട്ടൽ | 4000 | 4000 | 0 |
| KSEB | മൺകര അംബാർത്തല സ്ട്രീറ്റ് ലൈൻ നീട്ടൽ | 8689 | 8689 | 0 |
| PWD | | 255000 | 0 | 255000 |

വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള വിവരങ്ങൾ

| നിർവഹണ ഏജൻസി | 18-19 B-18 ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ് | 19-20 വർഷത്തെ നിക്ഷേപം | ആകെ | ചെലവ് | നീക്കിയിരിപ്പ് | 19-20 B-18 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| KWA | 7827074 | 4000 | 7831074 | 1254305* | 6576769 | 6576769 |
| KSEB | 2295068 | 8689 | 2303757 | 389525** | 1914232 | 1914232 |
| PWD | 255000 | 0 | 255000 | 0 | 255000 | 255000 |

* വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കി.

**ഡെപ്പോസിറ്റ് നൽകിയ തുകയുടെ ചെലവ് 10904/- രൂപയുടെ വ്യത്യാസം .

KSEBഡെപ്പോസിറ്റ് പ്രവൃത്തികളുടെ വിനിയോഗ സാക്ഷ്യപത്രം പ്രകാരം 400429/- രൂപയുടെ വിനിയോഗത്തിന്റെ വിവരങ്ങളാണ് ലഭ്യാമാക്കിയനത്.എന്നാൽ വാർഷിക ധനകാര്യപത്രിക പ്രകാരം ചുവടെ ചേർക്കുന്ന രീതിയിലാണ് .

| മുന്നിരിപ്പ് (B-18) | വരവ് (RP 47) | ആകെ | ചെലവ് (വിനിയോഗ സാക്ഷ്യപത്രം ലഭിച്ചത്) | നീക്കിയിരിപ്പ് (B-18) 2018-19 |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 2018-19 | 2019-20 | | | |
| 2295068 | 8689 | 2303757 | 389525 | 1914232 |

389525 /- രൂപയാണ് കണക്ക് പ്രകാരം വരേണ്ടത്. എന്നാൽ 400429/-രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുമ്പോൾ തുകയിൽ വ്യത്യാസം വരുന്നു.10904/- രൂപയുടെ വ്യത്യാസം.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം19/19-20 നുള്ള മറുപടിയിൽ 2020-21 ലെ വാർഷികധനകാര്യപത്രികയിൽ മേൽ തുകയുടെ വിനിയോഗ സാക്ഷ്യപത്രംകൂടി ഉൾപ്പെടുത്താമെന്ന് അറിയിച്ചിട്ടുണ്ട്.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പാ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു. KURDFC- യ്ക്ക് തൻ വർഷത്തിൽ 2600000 (RP 32)രൂപ വരവായി വന്നിട്ടുണ്ട്.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പാ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഇ.എം.എസ് ഭവന പദ്ധതി | സ.ഉ (സാധാ) നം. 275/10/ ത.സ്വ.ഭ.വ 27.01.2010 | 13377000 | 2106900 | 1472013 | 634887 |
| KURDFC | ലഭ്യമാക്കിയിട്ടില്ല | 2600000 | 63485425 | 4426470 | 59058955 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ/തീയതി |
|---|---|---|---|---|
| 2017-18 | 3-11 | 13938/- | ആർ വിജയകുമാർ | 119020102551 തീയതി 05/08/2019 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2003-04 | 3.25 | 2016-19 | 136 | തടി ലേലം സംബന്ധിച്ച് | റവന്യൂ റിക്കവറി നടന്നു വരുന്നു |

## 4-8 ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | 2,97,93,947 |
| ഓഡിറ്റ് വർഷത്തെ വരവ് | 12,02,79,099 |
| ആകെ | 15,00,73,046 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 12,50,35,863 |
| നീക്കിയിരിപ്പ് | 2,50,37,183 |
| വരവിനങ്ങളിലുള്ള നഷ്ടം | 41,805 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2,84,340 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 2-1 | 41,805 | ശ്രീ.സലിൽ.എ.സോണി, സെക്രട്ടറി |

സി)ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-19 | 210000 | ഡോ.ജൂലി.ബി, വെറ്റിനറി സർജൻ |
| 1-28 | 74340 | ശ്രീമതി സീനത്ത് ബീവി,ഹെഡ്മിസ്ട്രസ് |

ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

എഫ്)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം

| ക്രമ നം. | പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|---|
| 1. | ശ്രീമതി സീനത്ത് ബീവി, ഹെഡ്മിസ്ട്രസ് | ഹെഡ്മിസ്ട്രസ് | അൽ-അമീൻ മൻസിൽ, പൂവച്ചൽ, പൂവച്ചൽ പി.ഒ |
| 2. | ഡോ.ജൂലി.ബി, വെറ്റിനറി സർജൻ | വെറ്റിനറി സർജൻ | ഹൗസ് നം.31, എൻ.സി.പി.നഗർ, ലെയിൻ -1, പേരൂർക്കട- |

| | | | |
|---|---|---|---|
| | | | 695005 |
| 3. | ശ്രീ.സലിൽ.എ.സോണി, സെക്രട്ടറി | സെക്രട്ടറി | കാർത്തിക, മുടവൂർപ്പാറ, പള്ളിച്ചൽ, ബാലരാമപുരം |

## 4-10 തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2005-06 | കെ.എസ്.എ.റ്റി.വി.എം.ജി.പി.5/1280/18, Dt20.06.18 | 3 |
| 2008-09 | എൽ.എഫ്.റ്റി.ഡി.ജി.പി.5/385/14, Dt 3.09.2014 | 2 |
| 2009-10 | എൽ.എഫ്.റ്റി.ഡി.ജി.പി.5/84/15, Dt 09.07.15 | 13 |
| 2010-11 | എൽ.എഫ്.റ്റി.ഡി.ജി.പി5/84/15, Dt 09.07.15 | 14 |
| 2011-12 | എൽ.എഫ്.റ്റി.ഡി.ജി.പി.5/1848, Dt 19.10.15, | 16 |
| 2012-13 | എൽ.എഫ്.റ്റി.ഡി.ജി.പി.5/1334/15, Dt 3/06/15 | 5 |
| 2013-14 | കെ.എസ്.എ.റ്റി.വി.എം,ജി.പി.5/1346/15,dt 15.10.15 | 13 |
| 2014-15 | കെ.എസ്.എ.റ്റി.വി.എം,ജി.പി.5/216/17,dt 04.04.17 | 9 |
| 2015-16 | കെ.എസ്.എ.റ്റി.വി.എം,ജി.പി.5/785/17,dt 15.04.17 | 20 |
| 2016-17 | കെ.എസ്.എ.റ്റി.വി.എം,ജി.പി.5/1895/18,dtd 3.6.19 | 6 |
| 2017-18 | കെ.എസ്.എ.റ്റി.വി.എം,ജി.പി.5/827/19,dtd 9.7.19 | 6 |
| 2018-19 | കെ.എസ്.എ.റ്റി.വി.എം.ജി.പി.5/2038/2019 തീയതി 07.12.2019 | |

ഡെപ്യൂട്ടിഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തിരുവനന്തപുരം ജില്ലയിലെ പൂവച്ചൽ ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ പൂവച്ചൽ ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്